# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മടവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി2/470/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 06/03/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മടവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി2/470/2021 തീയ്യതി: 06/03/2021

## കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-10-2019 മുതൽ 20-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 22-02-2021 | 27-02-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-02-2021 | 01-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഇ. വി. ഹരി , ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഷൈന . എ.കെ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജിഷാ സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഇന്ദുകല. സി. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനൂപ്. കെ. വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | | (മുതൽ) | (വരെ) |
| ശ്രീ. പങ്കജാക്ഷൻ. പി. വി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ബൈജുജോസ് | സെക്രട്ടറി | 01-04-2019 | 13-11-2019 |
| ശ്രീമതി. ജിഷ. സി. ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-11-2019 | 01-12-2019 |
| ശ്രീമതി. ആബിദ. ടി | സെക്രട്ടറി | 02-12-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജിഷ. സി. ടി | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. ആസിഫ് അഹമ്മദ് | അസി. എഞ്ചിനീയർ | 01-04-2019 | 04-08-2019 |
| ശ്രീമതി. നിമ്മി. കെ | അസി. എഞ്ചിനീയർ | 05-08-2019 | 16-01-2020 |
| ശ്രീ. മുഹമ്മദ് . കെ | അസി. എഞ്ചിനീയർ | 16-01-2020 | 31-03-2020 |
| ശ്രീമതി. ഷീജ. വി. ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഇന്ദു. പി | കൃഷി ഓഫീസർ | 01-04-2019 | 12-09-2019 |
| ശ്രീ. നസീർ. ടി. കെ | കൃഷി ഓഫീസർ | 13-09-2019 | 17-10-2019 |
| ശ്രീമതി. നിഷ. കെ | കൃഷി ഓഫീസർ | 18-09-2019 | 31-03-2020 |
| ശ്രീമതി. സുമില. കെ. പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ. ആരിഫ. ഇ.എ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ. ഉഷാദേവി. കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീ. മോഹൻദാസ്. വി. കെ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ. ജയശ്രീ. കെ. വി | വെറ്ററിനറി സർജൻ | 01-04-2019 | 31-07-2019 |
| ഡോ. ഗീന ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. സാഹിദ മജീദ്. സി.എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി. ശ്രീലത. എൻ. എസ് | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jisha Samuel (Asst. Audit Officer, On 01-03-2021)<br>Last Updated By: Jisha Samuel (Asst. Audit Officer, On 01-03-2021) | 1-1 |
| 2 | ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Jisha Samuel (Asst. Audit Officer, On 01-03-2021)<br>Last Updated By: Jisha Samuel (Asst. Audit Officer, On 01-03-2021) | 1-1-1 |
| 3 | ബജറ്റ് രേഖകൾ പൂർണ്ണമല്ല<br>Written By: Jisha Samuel (Asst. Audit Officer, On 01-03-2021)<br>Last Updated By: Jisha Samuel (Asst. Audit Officer, On 01-03-2021) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: Jisha Samuel (Asst. Audit Officer, On 01-03-2021)<br>Last Updated By: Jisha Samuel (Asst. Audit Officer, On 01-03-2021) | 1-2 |
| 5 | എല്ലാ പത്രികകളും ഉൾപ്പെടുത്തിയില്ല<br>Written By: Jisha Samuel (Asst. Audit Officer, On 01-03-2021)<br>Last Updated By: Jisha Samuel (Asst. Audit Officer, On 01-03-2021) | 1-2-1 |
| 6 | തെറ്റായ ഹെഡുകളിൽ വരവു വച്ചു<br>Written By: Jisha Samuel (Asst. Audit Officer, On 01-03-2021)<br>Last Updated By: Jisha Samuel (Asst. Audit Officer, On 01-03-2021) | 1-2-2 |
| 7 | രസീതിൽ തെറ്റായ ഹെഡിൽ വരവെടുത്തു<br>Written By: Jisha Samuel (Asst. Audit Officer, On 01-03-2021)<br>Last Updated By: Jisha Samuel (Asst. Audit Officer, On 01-03-2021) | 1-2-3 |
| 8 | ഡി.സി.ബി. രജിസ്റ്ററുകളിലെ സംക്ഷിപ്തം വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Jisha Samuel (Asst. Audit Officer, On 01-03-2021)<br>Last Updated By: Jisha Samuel (Asst. Audit Officer, On 01-03-2021) | 1-2-4 |
| 9 | സാമ്പത്തിക വിശകലനം<br>Written By: Jisha Samuel (Asst. Audit Officer, On 02-03-2021)<br>Last Updated By: Jisha Samuel (Asst. Audit Officer, On 02-03-2021) | 1-3 |
| 10 | ഫണ്ട് വിനിയോഗം<br>Written By: Jisha Samuel (Asst. Audit Officer, On 01-03-2021)<br>Last Updated By: Vasudevan M (Deputy Director, On 04-03-2021) | 1-4 |
| 11 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Jisha Samuel (Asst. Audit Officer, On 01-03-2021)<br>Last Updated By: Jisha Samuel (Asst. Audit Officer, On 01-03-2021) | 1-4-1 |
| 12 | പദ്ധതി അവലോകനം<br>Written By: Jisha Samuel (Asst. Audit Officer, On 02-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി<br>Written By: C.V.Indukala (Senior Grade Auditor, On 02-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 1-6 |
| 14 | ക്ഷേമ പദ്ധതികൾ<br>Written By: C.V.Indukala (Senior Grade Auditor, On 01-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 1-7 |
| 15 | ക്യാഷ് ബാലൻസ്<br>Written By: Anoop.K.V (Auditor, On 02-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം -അപാകതകൾ<br>Written By: Jisha Samuel (Asst. Audit Officer, On 02-03-2021)<br>Last Updated By: Jisha Samuel (Asst. Audit Officer, On 02-03-2021) | 1-9 |
| 17 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച<br>Written By: Jisha Samuel (Asst. Audit Officer, On 02-03-2021)<br>Last Updated By: Jisha Samuel (Asst. Audit Officer, On 02-03-2021) | 1-9-1 |
| 18 | സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് - വാങ്ങൽ നടപടിയിൽ സുതാര്യതയില്ല<br>Written By: Jisha Samuel (Asst. Audit Officer, On 02-03-2021)<br>Last Updated By: Vasudevan M (Deputy Director, On 06-03-2021) | 1-10 |

| | | |
|---|---|---|
| 19 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു<br>Written By: Jisha Samuel (Asst. Audit Officer, On 24-02-2021)<br>Last Updated By: Vasudevan M (Deputy Director, On 06-03-2021) | 1-11 |
| 20 | ജില്ലാപഞ്ചായത്ത് വിഹിതം - റവന്യൂ എക്സ്പെൻഡിച്ചർ<br>Written By: Jisha Samuel (Asst. Audit Officer, On 24-02-2021)<br>Last Updated By: Vasudevan M (Deputy Director, On 06-03-2021) | 1-11-1 |
| 21 | ബ്ലോക്ക് പഞ്ചായത്ത് -ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ<br>Written By: Jisha Samuel (Asst. Audit Officer, On 25-02-2021)<br>Last Updated By: E.V Hari (Audit Officer, On 01-03-2021) | 1-11-2 |
| 22 | ബ്ലോക്ക് പഞ്ചായത്ത് - റവന്യൂ എക്സ്പെൻഡിച്ചർ<br>Written By: Jisha Samuel (Asst. Audit Officer, On 25-02-2021)<br>Last Updated By: Vasudevan M (Deputy Director, On 06-03-2021) | 1-11-3 |
| 23 | ജി.എസ്.ടി ഇനത്തിൽ കരാറുകാർക്ക് അധിക തുക അനുവദിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 01-03-2021)<br>Last Updated By: Vasudevan M (Deputy Director, On 06-03-2021) | 1-12 |
| 24 | കുഴിമ്പാട്ടുകുഴിസാംസ്ക്കാരിക നിലയം പദ്ധതിനടത്തിപ്പിലെ അപാകതകൾ പദ്ധതി ലക്ഷ്യ കൈവരിച്ചില്ല.<br>Written By: Shyna A.K (Asst. Audit Officer, On 25-02-2021)<br>Last Updated By: Vasudevan M (Deputy Director, On 06-03-2021) | 1-13 |
| 25 | കുറ്റ്യാപ്പുറം കുടിവെള്ള പദ്ധതി - പദ്ധതിയ്ക്കാവശ്യമായ ഘടകങ്ങളെല്ലാം ഉൾപ്പെടുത്താതെ പദ്ധതി രൂപീകരിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 25-02-2021)<br>Last Updated By: Vasudevan M (Deputy Director, On 06-03-2021) | 1-14 |
| 26 | കെട്ടിടങ്ങളുടെ ക്രമവത്കരണം ക്രമാതീതമായി വർദ്ധിക്കുന്നു<br>Written By: Anoop.K.V (Auditor, On 01-03-2021)<br>Last Updated By: Anoop.K.V (Auditor, On 01-03-2021) | 1-15 |
| 27 | വാടക കരാർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Anoop.K.V (Auditor, On 01-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 1-16 |
| 28 | കെട്ടിടം വാടകയ്ക്ക് നല്കൽ: ബൈലോ തയ്യാറാക്കിയിട്ടില്ല<br>Written By: Anoop.K.V (Auditor, On 01-03-2021)<br>Last Updated By: Anoop.K.V (Auditor, On 01-03-2021) | 1-17 |
| 29 | ഏഫ് ടി ഇ എ&ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Anoop.K.V (Auditor, On 01-03-2021)<br>Last Updated By: Anoop.K.V (Auditor, On 01-03-2021) | 1-18 |
| 30 | തൊഴിൽ നികുതി അപാകതകൾ<br>Written By: Anoop.K.V (Auditor, On 01-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 1-19 |
| 31 | മൊബൈൽ ടവറുകളുടെ വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്<br>Written By: Anoop.K.V (Auditor, On 01-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 1-20 |
| 32 | പദ്ധതി നിർവ്വഹണത്തിൽ ആവശ്യമായ റജിസ്റ്ററുകൾ തയ്യാറാക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 28-02-2021)<br>Last Updated By: Vasudevan M (Deputy Director, On 06-03-2021) | 1-21 |
| 33 | പദ്ധതി നടത്തിപ്പിൽ ആശ്രയ ഗുണഭോക്താക്കളെ പരിഗണിക്കുന്നില്ല<br>Written By: C.V.Indukala (Senior Grade Auditor, On 02-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 1-22 |
| 34 | ആർദ്രം പദ്ധതി<br>Written By: C.V.Indukala (Senior Grade Auditor, On 01-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 1-23 |
| 35 | തൊഴിൽരഹിത വേതനം - പ്രായ പരിധി പിന്നിട്ടിട്ടും ധനസഹായം തുടർന്നു. | 1-24 |

| | | |
|---|---|---|
| | Written By: C.V.Indukala (Senior Grade Auditor, On 01-03-2021)<br>Last Updated By: Vasudevan M (Deputy Director, On 06-03-2021) | |
| 36 | തുറന്ന കുടിവെള്ള കിണർ ശുചിത്വമുള്ള കുടിവെള്ള കിണറായി മാറ്റൽ - സബ്സിഡി ഇനത്തിൽ അധിക തുക കൈമാറി<br>Written By: C.V.Indukala (Senior Grade Auditor, On 25-02-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 1-25 |
| 37 | ക്ഷീരഗ്രാമം -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Jisha Samuel (Asst. Audit Officer, On 02-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 1-26 |
| 38 | ഗുണഭോക്തൃ വിഹിതം -ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല<br>Written By: Jisha Samuel (Asst. Audit Officer, On 02-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 1-26-1 |
| 39 | പൊതുമരാമത്ത് സ്വഭാവമുള്ള പ്രവൃത്തി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഹെഡ്മാസ്റ്റർ നടപ്പാക്കി<br>Written By: Jisha Samuel (Asst. Audit Officer, On 02-03-2021)<br>Last Updated By: Jisha Samuel (Asst. Audit Officer, On 02-03-2021) | 1-27 |
| 40 | ടെണ്ടർ നടപടിയിൽ അപാകത<br>Written By: Jisha Samuel (Asst. Audit Officer, On 02-03-2021)<br>Last Updated By: Jisha Samuel (Asst. Audit Officer, On 02-03-2021) | 1-27-1 |
| 41 | പ്രൊക്യുർമെന്റ് കമ്മിറ്റി തീരുമാനം ലഭ്യമല്ല<br>Written By: Jisha Samuel (Asst. Audit Officer, On 02-03-2021)<br>Last Updated By: Jisha Samuel (Asst. Audit Officer, On 02-03-2021) | 1-27-2 |
| 42 | വള്ളോപ്രച്ചാലിൽ അങ്കണ വാടി നിർമ്മാണം- സമഗ്രമായ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാത്തതിനാൽ പദ്ധതിലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: Shyna A.K (Asst. Audit Officer, On 25-02-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 1-28 |
| 43 | വാങ്ങിയ മേശയുടെ സ്പെസിഫിക്കേഷൻ ഉറപ്പാക്കാതെ സ്റ്റോക്കിലെടുത്തു<br>Written By: Jisha Samuel (Asst. Audit Officer, On 02-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 1-29 |
| 44 | അംഗൻവാടി ജീവനക്കർക്ക് ഓണറേറിയം - തുക കണക്കാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല<br>Written By: Jisha Samuel (Asst. Audit Officer, On 02-03-2021)<br>Last Updated By: Jisha Samuel (Asst. Audit Officer, On 02-03-2021) | 1-30 |
| 45 | ഇ- ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ ഫോറം വില ,ഇ.എം.ഡി എന്നിവ ഗ്രാമപഞ്ചായത്തിന് ലഭിയ്ക്കുന്നില്ല.<br>Written By: Shyna A.K (Asst. Audit Officer, On 28-02-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 1-31 |
| 46 | എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ പൂർണ്ണ മായി തയ്യാറാക്കുന്നില്ല.<br>Written By: Shyna A.K (Asst. Audit Officer, On 01-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 1-32 |
| 47 | സ്നേഹ സ്പർശം- വിനിയോഗ വിവരം ലഭ്യമാക്കിയില്ല<br>Written By: C.V.Indukala (Senior Grade Auditor, On 01-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 1-33 |
| 48 | പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തികൾ - പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമല്ല.<br>Written By: E.V Hari (Audit Officer, On 02-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | തുറന്ന കുടിവെള്ള കിണർ ശുചിത്വമുള്ള കുടിവെള്ള കിണറായി മാറ്റൽ - സബ്സിഡി ഇനത്തിൽ അധിക തുക | 3-1 |

| | | |
|---|---|---|
| | കൈമാറി<br>Written By: E.V Hari (Audit Officer, On 02-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: E.V Hari (Audit Officer, On 02-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: E.V Hari (Audit Officer, On 02-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: E.V Hari (Audit Officer, On 02-03-2021)<br>Last Updated By: Vasudevan M (Deputy Director, On 06-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: E.V Hari (Audit Officer, On 02-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: E.V Hari (Audit Officer, On 02-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: E.V Hari (Audit Officer, On 02-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: E.V Hari (Audit Officer, On 02-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: E.V Hari (Audit Officer, On 02-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 4-8 |
| 9 | സർചാർജ് നടപടി വഴി ഈടാക്കിയ തുക<br>Written By: E.V Hari (Audit Officer, On 02-03-2021)<br>Last Updated By: E.V Hari (Audit Officer, On 02-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: E.V Hari (Audit Officer, On 02-03-2021)<br>Last Updated By: Vasudevan M (Deputy Director, On 06-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: C.V.Indukala (Senior Grade Auditor, On 02-03-2021)<br>Last Updated By: C.V.Indukala (Senior Grade Auditor, On 02-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 58,93,741 |
| വരവ് | 11,09,27,096 |
| ആകെ | 11,68,20,837 |
| ചെലവ് | 11,25,24,782 |
| നീക്കിയിരിപ്പ് | 42,96,005 |

മടവൂർ ഗ്രാമപഞ്ചായത്ത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2.2.19 തീയതിയിലെ യോഗത്തിൽ കരട് ബജറ്റ് അംഗീകരിച്ച് ഭരണസമിതിക്ക് സമർപ്പിക്കാൻ തീരുമാനിക്കുകയും, 5.2.19 ലെ പഞ്ചായത്ത് ഭരണ സമിതിയുടെ സാധാരണ യോഗത്തിൽ കരട് ബജറ്റ് നിർദ്ദേശങ്ങൾ ചർച്ചചെയ്യും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്തു. തുടർന്ന് 12.2.2019ലെ ഭരണസമിതിയുടെ സാധാരണ യോഗത്തിലെ തീരുമാനം നമ്പർ 1 പ്രകാരം വാർഷിക ബജറ്റ് നിർദ്ദേശങ്ങൾ മാറ്റങ്ങളൊന്നുമില്ലാതെ അംഗീകരിച്ചു. ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ പുതുക്കിയ ബജറ്റും, അടുത്ത വർഷത്തേയ്ക്കുള്ള ബജറ്റും തയ്യാറാക്കി ഭരണസമിതിയ്ക്ക് സമർപ്പിക്കാൻ 24.2.20 ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 30.3.20 ന് ചേർന്ന ഭരണസമിതിയിലെ തീരുമാനത്തിൽ 2020-21 വർഷത്തെ ബജറ്റ് അംഗീകാരം മാത്രമാണ് രേഖപ്പെടുത്തിയത്. പുതുക്കിയ ബജറ്റ് അംഗീകരിച്ചോയെന്ന് വ്യക്തമല്ല.

### 1-1-1 ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ടെങ്കിലും, നടപടിക്രമങ്ങളുടെ രേഖപ്പെടുത്തൽ ഉണ്ടായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| വിവിധ സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടത് | ഡിസംബർ 15-ന് മുൻപ് | വിളിച്ച് ചേർത്തതായി കാണുന്നില്ല. |
| സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | ജനുവരി 15-ന് മുൻപ് | 6 സ്ഥാപനമേധാവികൾ മാത്രമാണ് സമർപ്പിച്ചത് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുൻപ് | 21.1.19 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിർവ്വഹണോദ്യോഗസ്ഥർ സമർപ്പിച്ച നോൺപ്ലാൻ നിർദ്ദേശങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യത്തിൽ വ്യക്തതയില്ല |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് | ഫെബ്രുവരി 1-ന് മുൻപ് | ബജറ്റ് രേഖകളായി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായില്ല. |

| | | |
|---|---|---|
| എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | | |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുൻപ് | 02-02-2019 ന് ബജറ്റിന് അംഗീകാരം നൽകുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. രേഖകളായി ലഭ്യമല്ല. |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7-ന് മുൻപ് | 5-02-2019ന് നടന്ന സാധാരണ യോഗത്തിൽ ചർച്ച ചെയ്തു. |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുൻപ് | 12-02-2109നടന്ന സാധാരണ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

## 1-1-2 ബജറ്റ് രേഖകൾ പൂർണ്ണമല്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2019-2020 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 28.05.2020 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

## 1-2-1 എല്ലാ പത്രികകളും ഉൾപ്പെടുത്തിയില്ല

വാർഷിക കണക്കിനൊപ്പം സമർപ്പിക്കേണ്ട പ്രധാന അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

## 1-2-2 തെറ്റായ ഹെഡുകളിൽ വരവു വച്ചു

സംയുക്ത പദ്ധതികൾക്കായി വിവിധ സ്ഥാപനങ്ങളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ചിട്ടുള്ള തുകകൾ തെറ്റായ ഹെഡുകളിലാണ് വരവു വച്ചിരിക്കുന്നത്. ഉദാഹരണമായി, പരനിലം എസ്.സി.കോളനി കുടിവെള്ള പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച വിഹിതം തെറ്റായി ജില്ലാ പഞ്ചായത്തിന്റെ ക്യാപിറ്റൽ വിഹിതമായാണ് വാർഷികകണക്കിൽ വരവു വച്ചിരിക്കുന്നത്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിനായി ലഭിച്ച ബ്ലോക്ക് വിഹിതം സംയുക്ത പദ്ധതികൾക്കുള്ള ഹെഡിൽ ഉൾപ്പെടുത്താതെ, കോൺട്രിബ്യൂഷൻ ഫോർ അദർ സ്പെസിഫിക് പർപ്പസ് എന്ന ഹെഡിൽ ഉൾപ്പെടുത്തി.

## 1-2-3 രസീതിൽ തെറ്റായ ഹെഡിൽ വരവെടുത്തു

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 15/37നമ്പർ മുറി വാടകയ്ക്ക് നൽകിയിരിക്കുന്നത് മുട്ടാഞ്ചേരി ക്ഷീരസഹകരണ സംഘത്തിനാണ്. മാസവാടക ജി.എസ്.ടി. ഉൾപ്പെടെ 1561/- (1323+119+119)രൂപയാണ്. രണ്ടു മാസങ്ങളിൽ ഇവരിൽ നിന്നും

വാങ്ങിയ വാടക രസീത് ചെയ്യപ്പോൾ ജി.എസ്.ടി. തുക അതാത് ഹെഡിൽ വരവു വയ്ക്കാതെ തെറ്റായി മുഴവൻ തുകയും വാടകയിനത്തിൽ ഉൾപ്പെടുത്തി(ഉദാ - രസീത് നം. 119030100174/2.5.2019). ആയതിനാൽ വാടക രജിസ്റ്ററിലെ വാടകയിനത്തിലെ തുകയും, വാർഷികകണക്കിൽ ഉൾപ്പെട്ട തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-2-4 ഡി.സി.ബി. രജിസ്റ്ററുകളിലെ സംക്ഷിപ്തം വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള വിവിധ ഡി.സി.ബി. രജിസ്റ്ററുകളുടെ സംക്ഷിപ്തം വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല
എ) തൊഴിൽ നികുതിയിനത്തിലെ തൻവർഷത്തെ ഡിമാന്റ്, ഡി.സി.ബി രജിസ്റ്റർ പ്രകാരം 8,56,370/-രൂപയാണ്. എന്നാൽ ഇൻകം ആന്റ് എക്പെൻഡിച്ചർ പത്രികയിൽ കളക്ഷൻ തുകയായ 8,41,180/-രൂപയാണ് ഡിമാന്റ് ആയി ഉൾപ്പെട്ടത്. അതുകൊണ്ടു തന്നെ തൻവർഷത്തിൽ പിരിച്ചെടുക്കാൻ ബാക്കിയായ 15,190/- രൂപ ബാലൻസ് ആയി ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

ബി) തെറ്റായ ഹെഡിൽ രസീത് നൽകിയതിനാൽ വാടകയിനത്തിലെ ഡിമാന്റ് , കളക്ഷൻ തുകയിൽ 476/- രൂപയുടെ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ട്.

സി) സഞ്ചയയിൽ നിന്നും ലഭ്യമായ വസ്തു നികുതിയുടെ ഡിമാന്റ് , കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ഡി) പഞ്ചായത്തിൽ സൂക്ഷിച്ച എഴുതിതള്ളൽ രജിസ്റ്റർ, വസ്തു നികുതിയിളവ് രജിസ്റ്റർ എന്നിവ പ്രകാരം യഥാക്രമം 11,038/-, 17,306/- രൂപ തൻവർഷം ഒഴിവാക്കി/ഇളവു ചെയ്തു കൊടുത്തിട്ടുണ്ട്. ഈ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ഇ) വിവിധ സാമൂഹ്യക്ഷേമ പദ്ധതികളുടെ ചെലവുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

| പെൻഷൻ ഇനം | യഥാർത്ഥ ചെലവ് (സേവന സോഫ്റ്റ് വെയർ പ്രകാരം) | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1,27,09,200 | 27,26,200 |
| വിധവാ പെൻഷൻ | 3,06,01,900 | 63,03,600 |
| വാർദ്ധക്യകാല പെൻഷൻ | 3,95,41,800 | 74,01,000 |
| വികലാംഗ പെൻഷൻ | 93,63,300 | 18,52,800 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 27,45,500 | 5,68,800 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,00,17,894 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,72,93,047 |
| ആകെ | 5,73,10,941 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,88,84,230 |
| നീക്കിയിരിപ്പ് | 84,26,711 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 1,22,92,318 | 1,22,92,318* | 8555150 | 37,37,168 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 70,30,588 | 70,30,588* | 4439081 | 25,91,507 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 6,07,000 | 6,07,000 | 371751 | 2,35,249 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 57,61,000 | 57,61,000 | 3154677 | 26,06,323 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 37,03,000 | 37,03,000 | 2035180 | 16,67,820 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 95,67,358 | 95,67,358 | 5381187 | 41,86,171 |
| കേന്ദ്രാവിഷ്കൃതം (ഐ.സ്.ഡി.എസ്)* | 160089 | 1041645 | 1201734 | 820845 | 380889 |
| സംസ്ഥാനാവിഷ്കൃതം (കോർപ്പസ് ഫണ്ട്) | 2000000 | -- | 2000000 | 923365 | 1076635 |
| സംസ്ഥാനാവിഷ്കൃതം-ശുചിത്വമിഷൻ | 1729968 | -- | 1729968 | 841011 | 888957 |
| സംസ്ഥാനാവിഷ്കൃതം- കേരളോത്സവം | 20000 | 20000 | 40000 | 40000 | - |

*വാർഷികകണക്ക് പ്രകാരമുള്ള തുക. മേൽ തുകകൾ ഗ്രാന്റ് വിനിയോഗപത്രികയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ)16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം.തയ്യാറാക്കിയ മടവൂർ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു,

- വികസനഫണ്ട് ജനറൽ, എസ്.സി.പി എന്നിവയുടെ ആകെ ചെലവ് സുലേഖ സോഫ്റ്റ് വെയറിലെ തുകയുമായി പൊരുത്തപ്പെടുന്നെങ്കിലും, വാർഷിക കണക്കിലെ (സാംഖ്യ) തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | സുലേഖയിലെ തുക | വാർഷികകണക്കിലെ തുക |
|---|---|---|
| വികസനഫണ്ട് ജനറൽ | 87,76,578 | 8555150 |
| വികസനഫണ്ട് എസ്.സി.പി. | 44,68,493 | 4439081 |

- ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് ജനറൽ, എസ്.സി.പി., ടി.എസ്.പി., ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ആകെ അടങ്കൽ(അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
- കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ് വിവരം ഉൾപ്പെടുത്താതെ ചെലവ് മാത്രം ഉൾപ്പെടുതിനാൽ മേൽ ഫണ്ടുകളുടെ ബാലൻസ് തുക യഥാക്രമം 12,26,401/-, 17,92,090/- എന്നീ മൈനസ് തുകകളായി ഉൾപ്പെട്ടിരിക്കുന്നു.
- ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീമിന്റെ(കേന്ദ്രാവിഷ്കൃത ഫണ്ട്)വരവായി ഉൾപ്പെടുത്തിയ തുക വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
- സ്വച്ഛ് ഭാരത് മിഷൻ (കേന്ദ്രാവിഷ്കൃത ഫണ്ട്), കോർപ്പസ് ഫണ്ട്, ടി.എസ്.പി.(സംസ്ഥാനാവിഷ്കൃത ഫണ്ട്) എന്നിവയ്ക്ക് വാർഷികകണക്ക് പ്രകാരം തൻവർഷം വരവില്ല. എന്നാൽ ഗ്രാന്റ് വിനിയോഗ പത്രികയിൽ ഈയിനത്തിൽ വരവ് തുക ഉൾപ്പെട്ടിരിക്കുന്നു.
- ലൈഫ് മിഷൻ പ്രോഗ്രാമിന്റെ വരവ് തുകയുടെ ആധികാരികത ഉറപ്പുവരുത്താനായില്ല. സംസ്ഥാനാവിഷ്കൃത ഫണ്ടിന്റെ ചെലവായി കാണിച്ച തുക പഞ്ചായത്ത് വിഹിതവും, സംസ്ഥാനവിഹിതവും കൂടിയ ചെലവാണ്. എസ്.സി. വിഭാഗത്തിന്റെ ലൈഫ് പദ്ധതിയുടെ ചെലവു വിവരം ഇതിൽ ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | അടങ്കൽ | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 75727110 | 33447095 | 151 | 50 | 17 | 69 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8050 | 1012756 | 1020806 | 979948 | 40858 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 19338842 | 19338842 | 1933842 | - |

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ

ആരംഭിച്ച തൊഴിലുറപ്പ് പദ്ധതിയുടെ പഞ്ചായത്ത് തലത്തിലെ പ്രവർത്തനങ്ങൾ, നൽകുന്ന സേവനങ്ങൾ തുടങ്ങിയവയുടെ തൻവർഷത്തെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 17 |
| ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 9193 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2991 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 864 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 313 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 70.78 |
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 321 |
| വകയിരുത്തിയ തുക | 6,14,44,800 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 138 |
| കലിയിനത്തിലെ ചെലവ് (അൺ സ്കിൽഡ് ) | 16901692 |
| കൂലിയിതരയിനത്തിലെ ചെലവ് (സ്കിൽഡ്) | 14813785 |
| തൊഴിലുപകരണങ്ങൾ വാടകയ്ക്ക് നൽകി തൻവർഷം ലഭിച്ച തുക | 241024 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 31723527 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ ചെലവ് | 31723527 |

## 1-7 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | യഥാർത്ഥ ചെലവ് (സേവന സോഫ്റ്റ് വെയർ പ്രകാരം) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1,27,09,200 | 478 |
| വിധവാ പെൻഷൻ | 3,06,01,900 | 1126 |
| വാർദ്ധക്യകാല പെൻഷൻ | 3,95,41,800 | 1477 |
| വികലാംഗ പെൻഷൻ | 93,63,300 | 340 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 27,45,500 | 100 |
| തൊഴിൽ രഹിത വേതനം | 124680 | 101 |

## വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷേമപെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കുമുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | അന്വേഷണം കഴിഞ്ഞ് തിരിച്ചേൽപ്പിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|---|
| 1 | ഹലീമ. കെ, കളപിലാവിൽ | വിധവ പെൻഷൻ | 10.01.2019 | 26.02.2019 | 01.06.2019 |

| | | | | | |
|---|---|---|---|---|---|
| 2 | സഫീസ, പറയരുകോട്ടയിൽ | | 07.01.2019 | 26.02.2019 | 01.06.2019 |
| 3 | ശാന്ത. പി. കെ പയങ്ങരകുന്നമ്മൽ | | 01.02.2019 | 26.02.2019 | 01.06.2019 |
| 4 | ഉഷ. എം. കെ വെളുത്തേടത്ത് | കർഷകത്തൊഴിലാളി പെൻഷൻ | 06.09.2019 | 11.11.2019 | 14.11.2019 |
| 5 | മീനാക്ഷി. കെ അടുക്കത്ത് മീത്തൽ | | 05.09.2019 | 14.01.20 | - |
| 6 | മുഹമ്മദ് അനസ്, ചെമ്പറ്റ ചെരുവിൽ | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 10.01.2019 | 05.02.2019 | 01.06.2019 |
| 7 | സഫിയ പടിഞ്ഞാറെ പൂളോട്ടുമ്മൽ | | 02.09.2019 | 24.09.2019 | 14.01.2020 |
| 8 | അശോകൻ പരിക്കാട്ട് പറമ്പത്ത് | വാർദ്ധക്യകാല പെൻഷൻ | 01.01.2019 | 29.05.2019 | 29.06.2019 |
| 9 | മറിയ തച്ചംകുഴിമണ്ണിൽ | | 01.04.2019 | 09.07.2019 | 19.09.2019 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. കർഷകതൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാവാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1-03-2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം -അപാകതകൾ

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

## 1-9-1 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച

1. ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം ഖണ്ഡിക 1-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.
2. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ടെയിഡ്ഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നു
3. നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.

4. വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ ,ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽ പെടുന്നില്ല.

5. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്.

പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനുട്സ് പരിശോധിച്ചതിൽ പല വാങ്ങലുകളും കമ്മിററി അംഗീകരിച്ചു കാണുന്നില്ല.

## 1-10 സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് - വാങ്ങൽ നടപടിയിൽ സുതാര്യതയില്ല

നിർവ്വഹണം: ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്.

പ്രോജക്ട് പേര്/നമ്പർ : സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങൽ ,160/20

അടങ്കൽ : 3,00,000/- (2,00,000/- വികസനഫണ്ട് ജനറൽ

1,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് : 2,59,970/- (2,00,000/-ബിൽ നം.2/19-20/8.5.19

59,970/- ബിൽ നം.4/19-20/27.7.19

പഞ്ചായത്ത് പരിധിയിലെ സ്കൂളുകൾക്ക് സ്പോർട്സ് സാമഗ്രികൾ വാങ്ങി നൽകലാണ് പദ്ധതി. ഇതിനായി ടെണ്ടർ ക്ഷണിക്കുകയും, മൂന്നു സ്ഥാപനങ്ങൾ നിരക്കുകൾ ക്വാട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. പങ്കെടുത്ത സ്ഥാപനങ്ങൾ താഴെ കൊടുക്കുന്നവയാണ്,

1. പ്ലേബാൾ സ്പോർട്സ്, വാടാനപ്പള്ളി
2. തീരുരങ്ങാട് ബുക്ക് സ്റ്റാൾ, കോഴിക്കോട്
3. ട്രിയോ സ്പോർട്സ്, താമരശ്ശേരി

ടെണ്ടറുകൾ പരിശോധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ തയ്യാറാക്കിയ താരതമ്യ പട്ടിക പ്രകാരം ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ പ്ലേബാൾ സ്പോർട്സ് എന്ന സ്ഥാപനത്തിൽ നിന്ന് സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ കണ്ട വസ്തുതകൾ ചുവടെ കൊടുക്കുന്നു.

- കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതായി താരതമ്യപട്ടികയിൽ രേഖപ്പെടുത്തിയ പ്ലേബാൾ സ്പോർട്സ് എന്ന സ്ഥാപനം ടെണ്ടർ ഫോറത്തിനോപ്പം ഹാജരാക്കിയ നിരക്കുകളല്ല താരതമ്യപട്ടികയിൽ ഉൾപ്പെടുത്തിയത്. വാങ്ങാൻ ഉദ്ദേശിച്ചിരുന്ന ഭൂരിഭാഗം സാധനങ്ങൾക്കും മറ്റു രണ്ടു സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തതിനേക്കാൾ കൂടുതലാണ് പ്ലേബാൾ സ്പോർട്സ് എന്ന സ്ഥാപനം ക്വാട്ട് ചെയ്തിട്ടുള്ളത്. എന്നിട്ടും തെറ്റിദ്ധരിപ്പിക്കും വിധം താരതമ്യപട്ടിക തയ്യാറാക്കി പ്രസ്തുത സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയതിന്റെ സാഹചര്യം വ്യക്തമല്ല. ഫയലിലുള്ള താരതമ്യപട്ടികയുടേയും, ടെണ്ടറിനൊപ്പം ലഭ്യമാക്കിയ നിരക്കിന്റേയും പകർപ്പ് ചുവടെ കൊടുക്കുന്നു,

PLAYBALL

PLAYBALL SPORTS
Opposite Vadanappally Police Station,
Vadanappally Thrissur Kerala – 680 614

Ref No 101/2018-19

Date: 13.12.2018

To: Headmaster GMUP School Arabram

Dear Sir

We have the Pleasure to quote our rate as under:

| SL | DESCRIPTION OF GOODS | BRAND | QTY | RATE | TOTAL |
|---|---|---|---|---|---|
| 1 | FOOTBALL SHINING STAR | NIVIA | 12 | 720 | 8640 |
| 2 | VOLLEYBALL SUPER SYTETIC | NIVIA | 12 | 440 | 5280 |
| 3 | BADMITION RACKET | VIXEN | 144 | 560 | 80640 |
| 4 | SHUTTLE COCK MAVIS 200 | YONEX | 44 | 370 | 16280 |
| 5 | HANDBALL TRAINNER WOMEN | NIVIA | 32 | 554 | 17728 |
| 6 | BALL PUMB DOUBLE ACTION | NIVIA | 12 | 713. | 8560 |
| 7 | TK RING YO YO | VIXEN | 140 | 45 | 6300 |
| 8 | RELAY BATTON ALUMINIUM GOLD | VIXEN | 48 | 80 | 3840 |
| 9 | SKIPING ROP | VIXEN | 80 | 34 | 2720 |
| 10 | SHOT PUT ACNOMY | VIXEN | 4 | 440 | 1760 |
| 11 | DISUCSS ECONMOY 1KG | VIXEN | 4 | 495 | 1980 |
| 12 | LUDO SNAKE AND LADDER | VIXEN | 135 | 79 | 10666 |
| 13 | FLAYING DISC | vixen | 52 | 35 | 1820 |
| 14 | FOOTBALL CONE 9 | VIXEN | 120 | 35 | 4200 |
| 15 | XUMA ETM BALL | vixen | 28 | 115 | 3220 |
| 16 | CHESS BOARD WOODEN | VIXEN | 16 | 262 | 4195 |
| | WHIT SULTHAN | | | | |
| 17 | CHESS BORD ZONE SET | VIXEN | 16 | 204 | 3264 |
| 18 | VOLLEYBALL NET VICTORY | VIXEN | 4 | 490 | 1960 |
| 19 | MESURING TAP CLOSE 30M | VIXEN | 12 | 396 | 4752 |
| 20 | BADMITION NET TMQ PRO | VIXEN | 12 | 550 | 6600 |
| 21 | WISILE PREMIUM | VIXEN | 24 | 35 | 840 |
| 22 | HIGHE JUMB STAND GOLD 100 ALUM | VIXEN | 4 | 3180 | 12720 |
| 23 | HIGH JUMB CROSS BAR 25mm ALUM FOLDING | VIXEN | 4 | 594 | 2376 |
| 24 | BUILDING BLOCK PACK | | 24 | 201 | 4824 |
| 25 | KINDER BLOCK PVC BAG 75 | | 24 | 353 | 8475 |
| 26 | VICTORY STAND WOODEN | | 12 | 3050 | 36600 |
| | | | | | |
| | TOTAL | | | 14030 | 260240/- |


Mail id: playballfoundation@hotmail.com | Web Site: playballkerala.com
Phone: +91 9048092229 | Office: +91487 2607374

260240/-

YOURS FAITHFULLY

FOR PLAYBALL SPORTS

AUTH. SIGNATORY



MADAVOOR GRAMA PANCHAYATH

PROJECT No. 62/19 (2018-19) SPORTS KIT FOR SCHOOL

COMPARISON STATEMENT OF TENDERS

| No. | ITEMS | Play Ball | Thirurangadi | Trio Sports |
|---|---|---|---|---|
| 1 | FOOTBALL SHINING STAR | 480 | 690 | 650 |
| 2 | VOLLEYBALL SUPER SYNTHETIC | 460 | 440 | 450 |
| 3 | BADMINTON RACKET VX 7 | 375 | 630 | 350 |
| 4 | SHUTTLE COCK MAVIS 200 (PACK OF 6) | 420 | 380 | 65 |
| 5 | HAND BALL TRAINER WOMAN | 520 | 535 | 490 |
| 6 | BALL PUMP DOUBLE ACTION | 110 | 199 | 250 |
| 7 | TK RING YO YO | 60 | 52 | 50 |
| 8 | RELAY BATTON ALUMINIUM GOLD | 80 | 68 | 300 |
| 9 | SKIPPING ROPE RISE UP | 45 | 90 | 80 |
| 10 | SHORT PUT ECONOMY 3 KG | 300 | 530 | 470 |
| 11 | DISCUSS ECONOMY 1 KG | 360 | 640 | 750 |
| 12 | LUDO SNAKE AND LADER | 40 | 100 | 140 |
| 13 | FLYING DISC MEDIUM | 35 | 49 | 60 |
| 14 | FOOTBALL CONE 9" | 30 | 40 | 45 |
| 15 | XUMA RTM BALL- SMALL | 85 | 110 | 250 |
| 16 | CHESS BOARD WOODDEN WITH SULTHAN | 210 | 310 | 300 |
| 17 | CHESS BOARD ZONE SET | 120 | 230 | 200 |
| 18 | VOLEYBALL NET VICTORY | 1450 | 565 | 360 |
| 19 | MEASSURING TAPE CLOSE 30 M | 320 | 690 | 440 |
| 20 | BADMINTON NET TMQ PRO | 550 | 630 | 530 |
| 21 | WHISTLE PREMIUM | 35 | 40 | 105 |
| 22 | HIGH JUMP STAND GOLD 100 ALUM | 2800 | 4000 | 3000 |
| 23 | HIGH JUMP CROSS BAR 25 MM ALM FOLDING | 1000 | 1000 | 1900 |
| 24 | BUILDING BLOCKS PACK IMO417 | 180 | 348 | 250 |
| 25 | KINDER BLOCKS PVC BAG 75 | 190 | 739 | 240 |
| 26 | VICTORY STAND WOODDEN | 3200 | 5800 | 4200 |
| | **TOTAL** | **13455** | **18905** | **15925** |

Headmaster Govt. M.U.P School ...mbram P.O. Padanilam 673 571 Ph: 0495 2803273

. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത രണ്ടു സ്ഥാപനങ്ങൾ രേഖപ്പെടുത്തിയ ഒരോയിനം സാധനങ്ങളുടേയും വില താരതമ്യപ്പെടുത്തിയാൽ പല സാധനങ്ങളുടേയും വില തമ്മിൽ വലിയ അന്തരം കാണാം. ഉദാഹരണമായി,

| സാധനം | വാങ്ങിയ എണ്ണം | പ്ലേബാൾ സ്പോർട്സ് | ട്രിയോ സ്പോർട്സ് |
|---|---|---|---|
| ഫുട്ബാൾ ഷൈനിംഗ് സ്റ്റാർ | 12 | 720നിരക്കിൽ 8640 | 650 നിരക്കിൽ 7800 |
| ബാഡ്മിന്റൻ റാക്കറ്റ് | 144 | 560 നിരക്കിൽ 80640 | 350 നിരക്കിൽ 50400 |
| ഷട്ടിൽകോക്ക് മാവിസ് 200 | 44 | 370 നിരക്കിൽ 16280 | 65 നിരക്കിൽ 2860 |
| ഹാന്റ്ബാൾ ട്രൈനർ വിമെൻ | 32 | 554 നിരക്കിൽ 17728 | 490 നിരക്കിൽ 15680 |
| ബാൾപമ്പ് ഡബിൾ ആക്ഷൻ | 12 | 713 നിരക്കിൽ 8556 | 250നിരക്കിൽ 3000 |

വാങ്ങലുകൾ നടത്തുമ്പോൾ പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം സംരക്ഷിക്കും വിധം ഇടപെടൽ നടത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമാണ്. ടെണ്ടർ ചെയ്ത സാധനങ്ങളെല്ലാം പ്ലേബാൾ സ്പോർട്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിനാൽ മുകളിലെ പട്ടികയിൽ കാണിച്ച വിധമുള്ള വില കുറവ് ഉറപ്പാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രമിച്ചിട്ടില്ലെന്ന് വ്യക്തമാണ്. സാധനങ്ങൾ ഒന്നായി ഒരു സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനു പകരം വില കുറവ് രേഖപ്പെടുത്തിയത് അടിസ്ഥാനപ്പെടുത്തി രണ്ടു സ്ഥാപനങ്ങളിൽ നിന്നു വാങ്ങിയിരുന്നെങ്കിൽ സാമ്പത്തിക ലാഭം ഉറപ്പുവരുത്താമായിരുന്നു.

താരതമ്യപട്ടികയിൽ തെറ്റായ നിരക്കുകൾ ഉൾപ്പെടാനുണ്ടായ സാഹചര്യവും, പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യം മുൻനിർത്തികൊണ്ടുള്ള ഇടപെടൽ ഉണ്ടാകാതിരുന്നതിന്റെ കാരണവും വിശദീകരിക്കേണ്ടതാണ്.

## 1-11 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു

വിവിധ സംയുക്ത പ്രൊജക്ടുകൾക്ക് ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ചിട്ടുള്ള ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ/പൂർണ്ണമായി ചെലവഴിക്കാതെ, സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

13ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ സ.ഉ. (പി) 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1) ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്റ്റംബർ 30 ന മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

2) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന്, മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ മേൽ സ്ഥാപനത്തിന് കഴിയും വിധം, ഫെബ്രുവരി 28ന മുമ്പേ തിരിച്ച നൽകേണ്ടതുമാണ്.

3) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ടതുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

4)സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട്മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള പദ്ധതി നിർവ്വഹണത്താൽ സാമ്പത്തിക വ്രഷാവസാനത്തിൽ മുൻവർഷങ്ങളിൽ ലഭിച്ച തുകയടക്കം 11,54,559/- രൂപ തിരിച്ചടക്കാതെ അവശേഷിക്കുന്നു. വിശദാംശം അക്കൗണ്ട് ഹെഡ് അടിസ്ഥാനത്തിൽ കൊടുക്കുന്നു.

## 1-11-1 ജില്ലാപഞ്ചായത്ത് വിഹിതം - റവന്യൂ എക്സ്പെൻഡീച്ചർ

2019-20 വർഷത്തെ വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ 4 പ്രകാരം 31.3.2020 ന് സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 2,03,008/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് പേര് | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തിയ്യതി | തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | ജില്ലാ പഞ്ചായത്ത് | 31.3.18 | 1,65,000 | -- | 1,65,000 |
| 2 | ലൈഫ് എസ്.സി | ജില്ലാ പഞ്ചായത്ത് | 8.8.18 | 38,008 | -- | 38,008 |
| ആകെ | | | | | | 2,03,008 |

മുകളിൽ കൊടുത്തതിൽ ആദ്യ പ്രോജക്ട് 2017-18 വർഷത്തെ പദ്ധതിയ്ക്കായി ലഭിച്ച വിഹിതമാണ്. ആയത് സ്ഥാപനത്തിന് ലഭ്യമായത് 31.3.2018 ലാണ്. ജില്ലാപഞ്ചായത്തിൽ നിന്നും പ്രസ്തുത തുക യഥാസമയം ലഭ്യമാക്കാൻ പഞ്ചായത്ത് നടപടിയൊന്നും സ്വീകരിക്കാത്തത് വിഭവലഭ്യതയുടെ കാലതാമസത്തിന് കാരണമായിട്ടുണ്ട്. തുക തൻവർഷാവസാനം ലഭിച്ചിട്ടും ഈ പദ്ധതി 2018-19, 2019-20 വർഷങ്ങളിൽ സ്പിൽഓവർ പദ്ധതിയായി രൂപീകരിക്കുകയോ, തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല. ഈ തുക സർക്കാരിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്. സംയുക്ത പദ്ധതിയ്ക്ക് ലഭിച്ച മേൽ തുക തെറ്റായി കോൺട്രിബ്യൂഷൻ ഫോർ അദർ സ്പെസിഫിക് പർപ്പസ് (റവന്യൂ എക്പെൻഡിച്ചർ) ജില്ലാ പഞ്ചായത്ത് എന്ന ഹെഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

സംയുക്ത പദ്ധതികൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കി അംഗീകരിക്കുന്ന രീതിയിലും, ചെലവ് തുക അനുവദിക്കുന്നതിലും ഉണ്ടായിട്ടുള്ള പരിഷ്കാരങ്ങൾ കാരണം, ലൈഫ് പദ്ധതിയ്ക്കായി മുൻവർഷങ്ങളിൽ ലഭിച്ച തുക

ഗുണഭോക്താവിന് നൽകാൻ/വിനിയോഗിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ട്. ആയത് പരിഹരിക്കാത്തപക്ഷം ഈ തുകയും ബന്ധപ്പെട്ട തിരികെ നൽകേണ്ടതാണ്.

## 1-11-2 ബ്ലോക്ക് പഞ്ചായത്ത് -ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ

2019-20 വർഷത്തെ വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ 4 പ്രകാരം 31.3.2020 ന് സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 2,31,551/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു,

| ക്രമ നം | പ്രോജക്ട് പേര് | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തിയ്യതി | തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | അടുക്കൻമല എസ്.സി.കോളനി റോഡ് | ബ്ലോക്ക് പഞ്ചായത്ത് | 31.3.17 | 8,90,000 | 7,77,715 | 1,12,285 |
| 2 | മീത്തല എസ്.സി.കോളനി വയോജന മന്ദിരം | ബ്ലോക്ക് പഞ്ചായത്ത് | 31.3.17 | 4,00,000 | 3,27,762 | 72,238 |
| 3 | പരനിലം എസ്.സി.കോളനി കുടിവെള്ള പദ്ധതി | ബ്ലോക്ക് പഞ്ചായത്ത് | 31.3.18 | 7,00,000 | 6,52,972 | 47,028 |
| ആകെ | | | | | | 2,31,551 |

ആദ്യ പദ്ധതിയ്ക്ക് ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്തിന്റെ റവന്യൂ എക്സ്പെൻഡീച്ചർ ഹെഡിലും, അവസാന പദ്ധതിയ്ക്കായി ലഭിച്ച തുക ജില്ലാ പഞ്ചായത്ത് ക്യാപിറ്റൽ എക്സ്പെൻഡീച്ചർ ഹെഡിലും തെറ്റായാണ് ഉൾപ്പെട്ടിട്ടുള്ളത്. മേൽ പ്രവർത്തികളെല്ലാം പൂർത്തീകരിച്ചവയാണ്. അതുകൊണ്ടുതന്നെ പ്രസ്തുത തുക സർക്കാരിലേയ്ക്ക് തിരിച്ചടവാക്കേണ്ടവയാണ്.

## 1-11-3 ബ്ലോക്ക് പഞ്ചായത്ത് - റവന്യൂ എക്സ്പെൻഡീച്ചർ

2019-20 വർഷത്തെ വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ 4 പ്രകാരം 31.3.2020 ന് സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 7,20,000/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു,

| ക്രമ നം | പ്രോജക്ട് പേര് | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തിയ്യതി | തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | പെണ്ണാട് വിതരണം | ബ്ലോക്ക് പഞ്ചായത്ത് | 31.3.17 | 3,00,000 | -- | 3,00,000 |
| 2 | ലൈഫ് എസ്.സി | ബ്ലോക്ക് പഞ്ചായത്ത് | 12.3.19 | 1,20,000 | -- | 1,20,000 |
| 3 | ലൈഫ് എസ്.സി | -ടി- | 12.3.19 | 60,000 | -- | 60,000 |
| 4 | ലൈഫ് | -ടി- | 7.11.19 | 2,40,000 | -- | 2,40,000 |
| ആകെ | | | | | | 7,20,000 |

2016-17 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതിയ്ക്കായി ലഭിച്ചതാണ് ആദ്യ തുക. ഈ പദ്ധതി തുടർവർഷങ്ങളിലൊന്നും നടപ്പാക്കാതെ നിലവിലും തുക പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു. ആയത് സർക്കാരിലേയ്ക്ക് തിരിച്ചടവാക്കേണ്ടതാണ്.

സംയുക്ത പദ്ധതികൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കി അംഗീകരിക്കുന്ന രീതിയിലും, ചെലവ് തുക അനുവദിക്കുന്നതിലും ഉണ്ടായിട്ടുള്ള പരിഷ്കാരങ്ങൾ കാരണം, ലൈഫ് പദ്ധതിയ്ക്കായി മുൻവർഷങ്ങളിൽ ലഭിച്ച തുക നിലവിൽ പഞ്ചായത്തിന് നൽകാൻ/വിനിയോഗിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ട്. ആയത് പരിഹരിക്കാത്ത പക്ഷം ഈ തുകയും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

## 1-12 ജി.എസ്.ടി ഇനത്തിൽ കരാറുകാർക്ക് അധിക തുക അനുവദിച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ പൊതുമരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളത് ജി.എസ്.ടി ഉൾപ്പെടുത്താതെയാണ്. പ്രവർത്തികൾക്ക് ബാധകമായ ജി.എസ്.ടി 12% എസ്റ്റിമേറ്റിൽ പ്രത്യേകമായികാണിച്ചിട്ടുണ്ട്. ഇത് ബിൽ നൽകുന്ന വേളയിൽ കരാറുകാർക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്. 250000/- രൂപയിലധികം ചെലവ് വരുന്ന പ്രവർത്തി ബില്ലുകളിൽ നിന്ന് 2% ജി.എസ്.ടി. തുക ടി.ഡി.എസ് ആയി പിടിച്ചതിനുശേഷമാണ് കരാറുകാർക്ക് ബിൽ തുകയും, ജി.എസ്.ടിയും അനുവദിക്കുന്നത്. 01.03.2019 ലെ 18/2019 /ഫിൻ ഉത്തരവിലെ നിർദ്ദേശ പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. ഇത്തരത്തിൽ ബിൽതുക അനുവദിച്ചപ്പോൾ ചില പ്രവർത്തികളുടെ കരാറുകാർക്ക് അധിക തുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രവർത്തി | കരാറുകാരന് അനുവദിച്ചതുക | അർഹതയുള്ള തുക | അധികം |
|---|---|---|---|---|
| 1 | 131/20<br>കോട്ടക്കവയൽ മഠത്തുംകുഴി റോഡ് . കരാറുകാരൻ-ശ്രീ. അഷ്റഫ്. എം<br>എം. ബുക്ക്-80/9-20 | 296534/-<br>ബിൽ നമ്പർ<br>54/13.3.20<br>മെയിന്റനൽസ്ഗ്രാന്റ്റോഡ് | ആകെ പ്രവർത്തി മൂല്യം – 274570-10984 (4% നികുതി-1%IT,1%Kwf,2%GSTTDS)<br>=263586+<br>12% GST-31630<br>=295216 | 296534-295216<br>=1318 |
| 2 | 21/20<br>പൂപ്പാറങ്ങാട്ട് സ്റ്റേഡിയം റോഡ് . കരാറുകാരൻ-ശ്രീ. കെ.പി.അലി<br>എം.ബുക്ക്-70/19-20 | 289284/-<br>ബിൽ നമ്പർ<br>36/26.02.20<br>ധനകാര്യകമ്മീഷൻഗ്രാന്റ് | ആകെ പ്രവർത്തി മൂല്യം -267857-10716 (4% നികുതി-1%IT,1%Kwf,2%GSTTDS)<br>=257141+<br>12% GST-30857<br>=287998 | 289284-287998<br>=1286 |
| 3 | 56/20<br>ചോലക്കരത്താഴംകണ്ടത്തിൽ റോഡ് .കരാറുകാരൻ-ശ്രീ. അഷ്റഫ്.എം<br>എം.ബുക്ക്-18/9-20 | 288529/-<br>ബിൽ നമ്പർ<br>27/20.02.20<br>ധനകാര്യകമ്മീഷൻഗ്രാന്റ് | ആകെ പ്രവർത്തി മൂല്യം -267158-10688(4% നികുതി-1%IT,1%Kwf,2%GSTTDS)<br>=256470+<br>12% GST-30776<br>=287246 | 288529-287246<br>=1283 |
| 4 | 62/20<br>മേക്കൊടി മുക്ക്കുന്നുമ്മൽ റോഡ് .കരാറുകാരൻ-ശ്രീ. കെ.പി.അലി<br>എം.ബുക്ക്-61/19-20 | 385716/-<br>ബിൽ നമ്പർ<br>39/16.02.20<br>ധനകാര്യകമ്മീഷൻഗ്രാന്റ് | ആകെ പ്രവർത്തി മൂല്യം-357143-14284 (4% നികുതി-1%IT,1%Kwf,2%GSTTDS)<br>=342859+<br>12% GST-41143<br>=384002 | 385716-384002<br>=1714 |
| 5 | 88/20 | 287294/- | ആകെ പ്രവർത്തി | 287294- |

| | | | | |
|---|---|---|---|---|
| | കുന്നമ്മൽഇടത്തിൽ റോഡ് .കരാറുകാരൻ-ശ്രീ. കെ.പി.അലി<br>എം.ബുക്ക്-67/19-20 | ബിൽ നമ്പർ<br>40/26.02.20<br>മെയിന്റനൽസ്ഗ്രാന്റ്റോഡ് | മൂല്യം-266013-10640 (4% നികുതി-1%IT,1%Kwf,2%GSTTDS)<br>=255373+<br>12% GST-30644<br>=286017 | 286017<br>=1277 |
| 6 | 32/20<br>തെക്കിനാരി പാച്ചരി റോഡ് .കരാറുകാരൻ-ശ്രീ. ടി.മുഹമ്മദ്<br>എം.ബുക്ക്-3/19-20 | 284218/-<br>ബിൽ നമ്പർ<br>16/21.12.2019<br>ധനകാര്യകമ്മീഷൻഗ്രാന്റ് | ആകെ പ്രവർത്തി മൂല്യം-263166-10528(4% നികുതി-1%IT,1%Kwf,2%GSTTDS)<br>=252638+<br>12% GST-30317<br>=282955 | 284218-282955<br>=1263 |
| 7 | 73/20<br>തെക്കേടത്താഴം വള്ളോപ്പറമ്പ് റോഡ് .കരാറുകാരൻ-ശ്രീ. പ്രബീഷ്<br>എം.ബുക്ക്-207/18-19 | 289284/-<br>ബിൽ നമ്പർ<br>56/12.03.2.0<br>എസ്.സി.പി | ആകെ പ്രവർത്തി മൂല്യം-267857-10716 (4% നികുതി-1%IT,1%Kwf,2%GSTTDS)<br>=257141+<br>12% GST-30857<br>=287998 | 289284-287998<br>=1286 |
| 8 | 71/20<br>കുഴിമ്പാട്ടുകുഴി സാംസ്കാരിക നിലയം റോഡ് .കരാറുകാരൻ-ശ്രീ. അഷ്റഫ്.എം<br>എം.ബുക്ക്-66/19-20 | 287871/-<br>ബിൽ നമ്പർ<br>42/20.02.20<br>എസ്.സി.പി | ആകെ പ്രവർത്തി മൂല്യം-266549-10660 (4% നികുതി-1%IT,1%Kwf,2%GSTTDS)<br>=255889+<br>12% GST-30707<br>=286596 | 287871-286596<br>=1275 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കരാറുകാർക്ക് ജി.എസ്.ടി ആയി അധികം അനുവദിച്ച തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 കുഴിമ്പാട്ടുകുഴിസാംസ്കാരിക നിലയം പദ്ധതിനടത്തിപ്പിലെ അപാകതകൾ പദ്ധതി ലക്ഷ്യ കൈവരിച്ചില്ല.

മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതിയാണ് കുഴിമ്പാട്ടുകുഴി സാംസ്കാരിക നിലയം നിർമ്മാണം (ചെലവ് -735131). ഈ പദ്ധതിയിൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. 2 വർഷത്തിനിപ്പുറം 2019-20 വർഷത്തിൽ ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി 82/19-20 സാസ്കാരിക നിലയത്തിന്റെ പൂർത്തീകരണം എന്ന പ്രൊജക്ടിൽ 200000/- രൂപ വകയിരുത്തി പ്ലാസ്റ്ററിങ്ങ്, പെയിന്റിങ്ങ്, ടൈൽ പാകൽ, വാതിൽ പിടിപ്പിക്കൽ എന്നീ പ്രവർത്തികൾക്ക് മാത്രമായാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പ്രവർത്തികൾ 15.11.2019 ൽ പൂർത്തിയായിട്ടുണ്ട്. (ചെലവ് 177343 ,ബിൽ 57/7.2.20)

ഇവിടെ കെട്ടിട നിർമ്മാണത്തിനായി സമഗ്രമായ പദ്ധതികൾ രൂപീകരിക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. കെട്ടിടത്തിൽ ടോയ് ലെറ്റ് സൗകര്യം വൈദ്യുതി, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ഒരുക്കി കെട്ടിടം സാസ്കാരിക നിലയമായി പ്രവർത്തിക്കാൻ സജ്ജമായിട്ടില്ല.

നിർമാണം പൂർത്തിയാക്കിയ സാസ്കാരിക നിലയം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 കുറ്റ്യാപ്പുറം കുടിവെള്ള പദ്ധതി - പദ്ധതിയ്ക്കാവശ്യമായ ഘടകങ്ങളെല്ലാം ഉൾപ്പെടുത്താതെ പദ്ധതി രൂപീകരിച്ചു

കുറ്റ്യാപുരം കുടിവെള്ള പദ്ധതിയിൽ പി.വി.സി വാട്ടർ ടാങ്ക് വയ്ക്കുന്നതിന് വേണ്ടി ബേസ് സ്ഥാപിക്കുന്നതിന് വേണ്ടി മാത്രമായിട്ടാണ് 400000/- രൂപ വകയിരുത്തി ഈ പദ്ധതി തയ്യാറാക്കിയിട്ടുള്ളത് . നിലവിൽ കിണറും മോട്ടോറും ഉള്ള ഈ പദ്ധതിയിൽ സ്റ്റോറേജ് ടാങ്ക് അടുത്ത പദ്ധതിയിൽ വകയിരുത്തും എന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ലഭ്യമായ തുകയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നു. കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ടാങ്ക്, വിതരണത്തിനുള്ള പൈപ്പ് ലൈൻ സംവിധാനം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്താതെ ഭാഗികമായി പദ്ധതി തയ്യാറാക്കിയിട്ടുള്ളത് വീഴ്ചയാണ്. മാത്രമല്ല ഈ പദ്ധതി 2019-20 വർഷത്തിൽ നടപ്പിലാക്കാത്തതിനാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലാപ്സാകാനിടയായി. 2020-21 വർഷത്തിലും സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തിയിട്ടും പദ്ധതി നടപ്പിലാക്കാതെ ഫണ്ട് പാഴാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലുംനടപ്പിലാക്കുന്നതിലും വർക്കിങ്ഗ്രൂപ്പ് വീഴ്ച്ച വരുത്തിയിട്ടുണ്ട്. ഇപ്രകാരം അപൂർണമായ എസ്റ്റിമേറ്റിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നല്കുന്നത് എപ്രകാരമെന്ന് വ്യക്തമല്ല. പ്രൊജക്ടുകൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമാക്കുക, പ്രൊജക്ട് പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ഉപയോഗം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാകുക തുടങ്ങിയ ആസൂത്രണ ലക്ഷ്യങ്ങൾ ഉറപ്പുവരുത്താൻ ഈ പദ്ധതിയിൽ കഴിഞ്ഞിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 കെട്ടിടങ്ങളുടെ ക്രമവത്കരണം ക്രമാതീതമായി വർദ്ധിക്കുന്നു

ബിൽഡിംഗ് പെർമിറ്റ്, കംപ്ലീഷൻ, ക്രമവത്കരണം, പെർമിറ്റ് പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് പെർമിറ്റ് രജിസ്റ്റർ, ന്യൂ കൺസ്ട്രക്ഷൻ രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ, ക്രമവത്കരണ അപേക്ഷകൾ, എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പ്രകാരം 2019-20 ൽ ആകെ ലഭിച്ച 308 അപേക്ഷകളിൽ 75 എണ്ണവും ക്രമവത്കരണത്തിനുള്ളതാണ്. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവാദിത്തം പഞ്ചായത്ത് പരിധിയിൽ പൂർണ്ണമായി നടപ്പിലാക്കപ്പെട്ടിട്ടില്ലെന്നാണ് ഈ ഇനത്തിൽ ലഭ്യമാവുന്ന അപേക്ഷകളുടെ എണ്ണം സൂചിപ്പിക്കുന്നത്. പെർമിറ്റില്ലാതെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾ, നിർമ്മാണ ഘട്ടത്തിൽ തന്നെ ഫീൽഡ് പരിശോധയിലൂടെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. കൂടാതെ പെർമിറ്റ് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും എഴുതി സൂക്ഷിക്കാത്തതിനാൽ പെർമിറ്റ് അനുവദിച്ച അപേക്ഷകളിൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 വാടക കരാർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് ( കെട്ടിട നം. 7/1) മുകളിൽ ബി.എസ്.എൻ.എൽ ടെലഫോൺ ടവർ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് മാസം 4500/- രൂപ വാടക ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുന്നു. എന്നാൽ ബി.എസ്.എൻ.എൽ അധികാരികളുമായി പഞ്ചായത്ത് ഒപ്പുവെച്ച ധാരണാപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ടവറിന്റെ പ്രവർത്തനത്തിനായുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ പ്രത്യേകം സൗകര്യപ്പെടുത്തിയ മുറിയിൽ സ്ഥാപിക്കാതെ പഞ്ചായത്ത് കെട്ടിടത്തിന്റെ ഗോവണിപ്പടികൾക്ക് മുകളിലും ചുവരിലും സ്ഥാപിച്ചതിനാൽ, പഞ്ചായത്തിന് കെട്ടിടത്തിന്റെ പ്രസ്തുതഭാഗം അറ്റകുറ്റപ്പണി നടത്താൻ സാധിക്കാതെ വന്നിട്ടുണ്ട്. ഈ കാരണത്താൽ മുകളിൽ പരാമർശിച്ച കെട്ടിടഭാഗം നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. മേൽ ധാരണാപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും, പഞ്ചായത്ത് കെട്ടിടം ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-17 കെട്ടിടം വാടകയ്ക്ക് നല്കൽ: ബൈലോ തയ്യാറാക്കിയിട്ടില്ല

പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള 15/36, 15/37 നമ്പറിലുള്ള കെട്ടിടമുറികൾ വർഷാവർഷം 5% വാടക വർദ്ധന വരുത്തിക്കൊണ്ട് മുട്ടാഞ്ചേരി ക്ഷീരസഹകരണ സംഘത്തിന് വാടകയ്ക്ക് നൽകിയിട്ടുണ്ട്.എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ബൈലോ തയ്യാറാക്കാതെയാണ് കെട്ടിടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്. ബൈലോ തയ്യാറാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ഏഫ് ടി ഇ എ&ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സ്ഥാപനത്തിൽ അഞ്ച് രജിസ്റ്ററുകളിലായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിന് ആധികാരികത കാണുന്നില്ല. പ്രസ്തുത ലിസ്റ്റ് പ്രകാരം ആകെ 308 വ്യാപാര സ്ഥാപനങ്ങൾ ഉണ്ട്. എന്നാൽ ഏഫ് ടി ഇ എ&ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ 199 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷങ്ങളിൽ ഫീൽഡ് തല പരിശോധന നടത്തി പുതുക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-19 തൊഴിൽ നികുതി അപാകതകൾ

ഓഡിറ്റിന് ഹാജരാക്കിയ 2019-20 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് ( 5 രജിസ്റ്ററുകളിലായി തയ്യാറാക്കിയത് ) പ്രകാരം പഞ്ചായത്ത് പരിധിയിൽ 308 കച്ചവട അനുബന്ധ സ്ഥാപനങ്ങൾ ഉണ്ടെന്നിരിക്കെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം 203 ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ- ൽ നിന്ന് മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. ഡിമാൻഡ് (ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ) രജിസ്റ്ററിൽ തൊഴിൽ നികുതി അടച്ച കച്ചവടസ്ഥാപന

ഉടമയുടെ പേര്, അടച്ച തുക, രശീതി നമ്പർ എന്നീ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. സ്ഥാപനത്തിന്റെ പേര്, കെട്ടിട നമ്പർ എന്നിവ ചേർക്കാത്തതിനാൽ തുക ഈടാക്കിയതും അല്ലാത്തതുമായ സ്ഥാപനങ്ങളെ ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പ്രകാരം കണ്ടെത്തുക സാധ്യമല്ല.

മേൽ അപാകത സെക്ഷൻ ക്ലർക്കിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, ഫ്രണ്ട് ഓഫീസിൽ ഈ ഇനത്തിലുള്ള തുക സ്വീകരിക്കുമ്പോൾ രശീതികളിൽ സ്ഥാപനത്തിന്റെ പേര്, കെട്ടിട നമ്പർ എന്നിവ ചേർക്കാതെ കച്ചവടസ്ഥാപന ഉടമയുടെ പേരും ഇനവും (Professional Tax (Traders/Institution)) മാത്രം ചേർക്കുന്നതിനാൽ തൊഴിൽ നികുതി കൈകാര്യം ചെയ്യുന്ന സെക്ഷന് ഫ്രണ്ട് ഓഫീസിൽ കളക്ട് ചെയ്യപ്പെട്ട തുക ഏത് സ്ഥാപനത്തിന്റെ തൊഴിൽ നികുതിയാണെന്ന് തിരിച്ചറിയാൻ കഴിയാത്തതിനാലാണ് ( പ്രത്യേകിച്ച് സെക്ഷൻ ക്ലർക്ക് ഫീൽഡിലായിരിക്കുന്ന സമയങ്ങളിൽ ഫ്രണ്ട് ഓഫീസിൽ കളക്ട് ചെയ്യുന്ന തുകകൾ ) രജിസ്റ്ററിൽ സ്ഥാപനത്തിന്റെ പേര്, കെട്ടിട നമ്പർ എന്നിവ ഉൾപ്പെടെയുള്ള മുഴവൻ വിവരങ്ങളും ചേർക്കാൻ കഴിയാത്തത് എന്നും, ആയതിനാൽത്തന്നെ നികുതി അടച്ചതും അടക്കാത്തതുമായ സ്ഥാപനങ്ങളെ തിരിച്ചറിയാൻ പൂർണ്ണമായും സാധിക്കുന്നില്ലെന്നും വിശദീകരിക്കുകയുണ്ടായി.

ഇത് കൂടാതെ ട്രേഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത് . എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് മേൽ അപാകതകൾക്കും വരുമാന ചോർച്ചയ്ക്കു ഇടയാക്കുന്നു എന്നതു പോലെത്തന്നെ തൊഴിൽ നികുതി ചട്ടങ്ങളുടെ ലംഘനവുമാണ് .

തൊഴിൽ നികുതി ചട്ടപ്രകാരം മുഴവൻ സ്ഥാപനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്നതിനും ഫ്രണ്ട് ഓഫീസിൽ തുക സ്വീകരിക്കുമ്പോൾ രശീതികളിൽ ആവശ്യമായ വിവരങ്ങൾ ചേർക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.കൂടാതെ തൊഴിൽ നികുതി, ഏഫ് ടി ഇ എ&ഒ എസ് ലൈസൻസ് എന്നിവ ഒരു സെക്ഷന്റെ കീഴിലാകുന്ന രീതിയിൽ ജീവനക്കാരുടെ ജോലി നിർണ്ണയിച്ച് നൽകുന്നത് പഞ്ചായത്തിന് ഈ ഇനങ്ങളിൽ ഉണ്ടാവുന്ന വരുമാനച്ചോർച്ച ഇല്ലാതാക്കാൻ പരമാവധി സാധിക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-20 മൊബൈൽ ടവറുകളുടെ വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന മൊബൈൽ ടവറുകളുടെ ( ആകെ എണ്ണം, കെട്ടിട നമ്പർ, സർവ്വീസ് പ്രൊവൈഡറുടെ പേര്, ഡിമാന്റ് ചെയ്ത വസ്തുനികുതി, ഈടാക്കിയ വസ്തുനികുതി, ഈടാക്കാൻ ബാക്കിയുള്ളത് എന്നിവ ഉൾപ്പെടെയുള്ള) വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-21 പദ്ധതി നിർവ്വഹണത്തിൽ ആവശ്യമായ രജിസ്റ്ററുകൾ തയ്യാറാക്കുന്നില്ല

പദ്ധതി രൂപീകരണത്തിലും നടപ്പിലാക്കുന്നതിലും എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ മരാമത്ത് പ്രവർത്തിയുമായി ബന്ധപ്പെട്ട് എഴുതി സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകൾ മുഴവനും എഴുതി തയ്യാറാക്കാതെയാണ് അസിസ്റ്റന്റ് എഞ്ചീനീയർ പദ്ധതി നിർവ്വഹണം നടത്തുന്നത്. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, ടെണ്ടർ ഷെഡ്യൂൾവില്പന രജിസ്റ്റർ, കരാറുകാരുടെ രജിസ്ട്രേഷൻ റജിസ്റ്റർ, എസ്റ്റിമേറ്റ് റജിസ്റ്റർ, സി.ടി.ഇ റിപ്പോർട്ടിങ്ങ് രജിസ്റ്റർ, എം. ബുക്ക് രജിസ്റ്റർ, വെൽഫെയർ ഫണ്ട് രജിസ്റ്റർ എന്നിവ എഴുതി സീക്ഷിച്ചിട്ടില്ല. കൂടാതെ അസറ്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല. തൻ വർഷം നടത്തിയ പ്രവർത്തികളൊന്നും അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. പ്രൊജക്റ്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല. പൊതുമരാമത്ത് മാന്വലിലും, ജനകീയാസൂത്രണ പദ്ധതി നടത്തിപ്പ് മാർഗ്ഗരേഖയിലും നിർദ്ദേശിച്ചിട്ടുള്ള രജിസ്റ്ററുകൾ സൂക്ഷിയ്ക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത് . തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ്എഞ്ചിനീയറുടെ ഇ7/11350/2015/സി.ഇ/ത.സ്വ.ഭ.വ സർക്കുലർ പ്രകാരവും ഈ റജിസ്റ്ററുകളെല്ലാം മരാമത്ത് പ്രവർത്തിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കുന്നതിന് ചീഫ് എഞ്ചിനീയർ പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.

അപാകതകയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 പദ്ധതി നടത്തിപ്പിൽ ആശ്രയ ഗുണഭോക്താക്കളെ പരിഗണിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ നിരാലംബരും നിരാശ്രയരും അടിസ്ഥാന ജീവിതോപാധികൾ നിഷേധിക്കപ്പെട്ടവരുമായ കുടുംബങ്ങൾക്ക് ഭൂമി, വീട്, കക്കൂസ്, തൊഴിൽ, കുടിവെള്ളം, ഭക്ഷണം, ചികിൽസ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് ആശ്രയ. ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ ഉൾപ്പെടുത്തി അഗതി കുടുംബങ്ങൾക്കുവേണ്ടി തയ്യാറാക്കുന്ന ആശ്രയ പ്രൊജക്റ്റ് പ്രകാരം അശരണരായ പഞ്ചായത്തിലെ മുഴവൻ കുടുംബങ്ങൾക്കും പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തി ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 2013-16ലെ ഒന്നാംഘട്ട ആശ്രയ ലിസ്റ്റ് , 2014-17 രണ്ടാംഘട്ട ലിസ്റ്റ് എന്നിവ പ്രകാരം ആകെ 111 അഗതി കുടുംബങ്ങളുമുണ്ട്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനായി ഭൂമി, വീട്, കുടിവെള്ളം, കക്കൂസ് എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ആദ്യ ഘട്ടം | രണ്ടാം ഘട്ടം | റിമാർക്സ് |
|---|---|---|---|
| ആകെ ഗുണഭോക്താക്കൾ | 111 | 111 | |
| വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | - | 2 | |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല | |
| | | | |

| | | | |
|---|---|---|---|
| വീട് ആവശ്യമുള്ളവർ | - | 15 | |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല | |
| വീട് റിപ്പയർ ആവശ്യമുള്ളവർ | - | 30 | |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല | |
| കക്കൂസ് ആവശ്യമുള്ളവർ | - | 6 | |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല | |
| കുടിവെള്ളം ആവശ്യമുള്ളവർ | - | 41 | |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല | |

മേൽ ലിസ്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്തിൽ ഭവനം ആവശ്യമുള്ളതും, നിലവിലും ഭവനനിർമ്മാണ പദ്ധതികളിൽ പരിഗണിക്കപ്പെടാത്തവരുമായ 15 ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം | വാർഡ് നം. | റിമാർക്സ് |
|---|---|---|---|
| 1 | സാമി വമ്പൻകണ്ടിയിൽ | 3 | വീട് ഭൂരഹിത ഭവന രഹിത ഗുണഭോക്താവ് |
| 2 | ദാക്ഷായണി, ചരപറമ്പത്ത് | 3 | |
| 3 | കുഞ്ഞായിശ, കരിക്കത്തൂർ കണ്ടിയിൽ | 9 | |
| 4 | ആസ്യക്കുട്ടി, പുതുക്കുടി | 12 | |
| 5 | പാത്തുമ്മ, മഞ്ഞോറമ്മൽ | 13 | |
| 6 | ശ്രീമതി, ഈച്ചരങ്ങോട്ട് മീത്തൽ | 17 | |
| 7 | തിരുമാല, പൈങ്ങാറ്റമ്മൽ | 8 | |
| 8 | സരോജിനി, വിളയാമ്പറ്റമ്മേൽ | 8 | |
| 9 | ദേവി, മേലങ്ങാട്ട് കോളനി | 1 | |
| 10 | സൈനബ, വിളക്കഞ്ചേരിമീത്തൽ | 2 | |
| 11 | ലീല, കോട്ടോട്ട് കുന്നുമ്മൽ | 2 | |
| 12 | ആസ്യ, പൂളോട്ടുമ്മൽ | 15 | |
| 13 | ആയിഷക്കുട്ടി, നാര്യച്ചാലിൽ | 3 | |
| 14 | ശിഹാബുദ്ദീൻ, അരിപടിഞ്ഞാത്ത് | 3 | |
| 15 | തനിയായി ചരച്ചോറമീത്തൽ | | മരണമടഞ്ഞു |

സ.ഉ(എം.എസ്)22/2018/തസ്വഭവ തീ. 29.01.2018 ഉത്തരവ് ഖണ്ഡിക 5.2.1(6) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തേണ്ടതാണ്. ആകെ അടങ്കൽ തുകയുടെ 40% കുടുംബശ്രീ, 35% ഗ്രാമ പഞ്ചായത്ത്, 15% ബ്ലോക്ക് പഞ്ചായത്ത്, 10% ജില്ലാ പഞ്ചായത്ത് എന്ന ക്രമത്തിൽ വകയിരുത്തി പദ്ധതി നടപ്പാക്കേണ്ടതുണ്ട്. എന്നാൽ 2019-20 വർഷത്തിൽ ഇത്തരത്തിൽ അഗതികൾക്കായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. സ. ഉ(എം.എസ്)252/2017/തസ്വഭവ തീ. 12.12.2017 പ്രകാരം ആശ്രയ പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം (നിലവിൽ അഗതി രഹിത കേരളം പദ്ധതി) ഖ. 4.2.2.1 പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവന രഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവനനിർമ്മാണ സഹായം നൽകിയതിനു ശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. ഗ്രാമ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ തുക വകയിരുത്തി ഗ്രാമ പഞ്ചായത്തുകൾ പദ്ധതി ഏറ്റെടുത്ത് സമയബന്ധിതമായി പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് വീട് വെച്ച് നൽകേണ്ടതാണ്. ഇതുപോലെ, പദ്ധതിയിലെ ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് നിർമ്മിക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിനു ശേഷം മാത്രമേ ത.സ്വ.ഭ സ്ഥാപനങ്ങൾ മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. മേൽ പട്ടികയിൽ ക്രമ നം.(1) പ്രകാരമുള്ള ഗുണഭോക്താവ് ഭൂരഹിത ഭവന രഹിതയും, ശേഷിക്കുന്നവർ ഭവനരഹിതരുമാണ്. ഇവരെ ഗ്രാമ പഞ്ചായത്തിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടില്ല. ലൈഫ് ഭവന പദ്ധതിയിലും മേൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടില്ല. ഭവനം കൂടാതെ, കുടിവള്ളം, ശുചിമുറി, ഭവനപുനരുദ്ധാരണം എന്നിവ ആവശ്യമുള്ള കുടുംബങ്ങളുടെയും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടതായിട്ടുണ്ട്.

ആശ്രയ ഗുണഭോക്താക്കളെ പദ്ധതി നടത്തിപ്പിൽ പരിഗണിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ആർദ്രം പദ്ധതി

സർക്കാർ ആശുപത്രികളുടെ വിപുലീകരണം, പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക, ജീവിത ശൈലി രോഗങ്ങളിൽ നിന്നും പരിരക്ഷ, കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുക, നഴ്സിംഗ് വിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര നിലവാരം, ആരോഗ്യ സ്ഥാപനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെ തട്ടിൽ നിന്നും തന്നെയുള്ള നിയന്ത്രണം എന്നിവയാണ് ആർദ്രം പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ആർദ്രം പദ്ധതി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മരുന്ന് ലഭ്യത ഉറപ്പു വരുത്തുകയും സാംക്രമികേതര രോഗങ്ങളുടെ പ്രതിരോധ പ്രവർത്തനങ്ങൾ, തുടർ ചികിത്സ എന്നിവയ്ക്ക് ഊന്നൽ നൽകുകയും ചെയ്യുന്നതാണ്. ആരോഗ്യ പരിപാലന രംഗത്തും ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്ക് ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്.

അലോപ്പതി, ആയുർവ്വേദം, ഹോമിയോ എന്നീ മൂന്ന് വിഭാഗങ്ങളിലെയും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ/ഡിസ്പൻസറികൾ എന്നിവിടങ്ങളിൽ ഘട്ടം ഘട്ടമായി ആർദ്രം മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഗ്രാമ പഞ്ചായത്തിൽ ആരോഗ്യമേഖലയിൽ പ്രൈമറി ഹെൽത്ത് സെന്റർ, ആയുർവേദ ഡിസ്പൻസറി, ഹോമിയോ ഡിസ്പൻസറി, യുനാനി ഡിസ്പൻസറി (ആയുഷ്) എന്നിവ പ്രവർത്തിക്കുന്നുണ്ട്. ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ, യുനാനി മരുന്നുവാങ്ങൽ തുടങ്ങിയ പദ്ധതികളും, പാലിയേറ്റീവ് പരിചരണം തുടങ്ങിയ പദ്ധതികളുമാണ് ആരോഗ്യ മേഖലയിൽ 2019-20 വർഷത്തിൽ നടപ്പാക്കിയിട്ടുള്ളത്.

പ്രൈമറി ഹെൽത്ത് സെന്റർ 2020 ഫെബ്രുവരി മാസത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2019-20 വർഷത്തിൽ ആർദ്രം പദ്ധതിയ്ക്ക് ഊന്നൽ നൽകി ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്/ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതിയുടെ പേര്, പ്രൊജക്ട് നം | നിർവ്വഹണം | അടങ്കൽ | ചെലവ് | ഫണ്ടിനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ആർദ്രം പദ്ധതി(141/20) | അസി. എഞ്ചിനീയർ | 5,52,597 | 5,52,597 | മെ. ഗ്രാ (റോഡിതരം) | |
| 2 | പി.എച്ച്.സി ലാബ് സൗകര്യം മെച്ചപ്പെടുത്തൽ | | 144911 | 109416 | | |
| 3 | പി.എച്ച്.സി കമ്മ്യൂണിറ്റി ടോയ്‌ലെറ്റ് | | 5,00,000 | 405556 | | |
| 4 | ആർദ്രം പദ്ധതി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 4,00,000 | 240600 | തനത് ഫണ്ട് | |

ക്രമ നം(1) പ്രകാരമുള്ള പദ്ധതി 2019-20 വർഷത്തിൽ നടപ്പാക്കിയിട്ടില്ല. പി.എച്ച്.സി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയതിന്റെ ഭാഗമായി പി.എച്ച്.സിയുടെ ഒ.പി സമയം 6 മണിവരെ ആക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് ഒരു ഡോക്ടറെയും, ഫാർമസിസ്റ്റിനെയും നിയമിച്ചിട്ടുണ്ട്. ഇവർക്ക് ഹോണറേറിയം നൽകുന്നതിനായിട്ടാണ് ക്രമ. നം(5) പ്രകാരമുള്ള പ്രൊജക്ട് രൂപീകരിച്ച് തുക ചെലവഴിച്ചിട്ടുള്ളത്. ലാബ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായി പുതിയ ലാബ് കെട്ടിട നിർമ്മാണം, കമ്മ്യൂണിറ്റി ടോയ്‌ലെറ്റ് സൗകര്യം ഏർപ്പെടുത്തൽ എന്നിവയ്ക്കായി അസി. എഞ്ചിനീയർ പദ്ധതി രൂപീകരിച്ച് നിർവ്വഹണം നടത്തിയിട്ടുണ്ട്. ഇതിൽ ലാബ് കെട്ടിടം പണി പൂർത്തീകരിച്ചെങ്കിലും പ്രസ്തുത കെട്ടിടത്തിൽ ലാബ് സൗകര്യം ഒരുക്കുന്നതിനുള്ള പ്രവൃത്തി പൂർത്തിയായിട്ടില്ല. നിലവിൽ സാമ്പിൾ കളക്ഷൻ യൂണിറ്റ് ആയി പ്രവർത്തിച്ചു വരുന്നു എന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. പെയിന്റിംഗ് ഉൾപ്പടെ, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതി പ്രകാരം നടപ്പാക്കിയിട്ടുണ്ട് എന്നും, ഒരു ഡോക്ടറുടെയും, സ്റ്റാഫ് നഴ്സിന്റെയും തസ്തിക സർക്കാർ അനുവദിച്ച് അതിലേക്ക് ഒരു ഡോക്ടറെയും, സ്റ്റാഫ് നഴ്സിനെയും 2020 ഫെബ്രുവരിയിൽ നിയമിച്ചതായും മെഡിക്കൽ ഓഫീസർ അറിയിച്ചു.

പി.എച്ച്.സി യെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദമായി ഉയർത്തിയതിന്റെ ഭാഗമായിട്ടുള്ളതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികൾ പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-24 തൊഴിൽരഹിത വേതനം - പ്രായ പരിധി പിന്നിട്ടിട്ടും ധനസഹായം തുടർന്നു.

തൊഴിൽ രഹിത വേതന പദ്ധതിയുടെ അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, ക്രമ നം. (170) ആയി ഉൾപ്പെട്ട ശ്രീമതി. ഹസ്ന. ടി (റോൾ നം.1412 ) എന്നവരുടെ ജനന തിയതി 05.03.1983 ആണ്. ഇത് പ്രകാരം 03/2018 വരെയേ ടിയാരിയ്ക്ക് വേതനത്തിന് അർഹതയുള്ളൂ. എന്നാൽ ടിയാരിയ്ക്ക് 12/2018 വരെ വേതനം അനുവദിച്ചതായി കാണുന്നു. പ്രായപരിധി കഴിഞ്ഞ് അധികമായി അനുവദിച്ച 09 മാസത്തെ വേതനം 1080/- രൂപ തിരികെ ഈടാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-25 തുറന്ന കുടിവെള്ള കിണർ ശുചിത്വമുള്ള കുടിവെള്ള കിണറായി മാറ്റൽ - സബ്സിഡി

ഇനത്തിൽ അധിക തുക കൈമാറി

| | | |
|---|---|---|
| പ്രൊജക്ട് നം | 161/20 | |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
| അടങ്കൽ | 2,44,000 (വികസനഫണ്ട് (ജനറൽ)) | |
| ചെലവ് | 96,000/- | 3/19-20 തീ. 06.05.2019 |
| | 16,000/- | 11/19-20 തീ. 30.09.2019 |
| | 18,000/- | 18/19-20 തീ. 28.11.2019 |
| | 24,000/- | 23/19-20 തീ. 26.11.2019 |
| | 6,000/- | 36/19-20 തീ. 13.02.2020 |
| | 1,60,000/- | |

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം(സ്പിൽ ഓവർ) 2019-20 വർഷത്തിൽ കുടിവെള്ള കിണർ ശുചിത്വ കിണറാക്കി മാറ്റുന്നതിന് 22 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. തൻവർഷം ചെലവഴിച്ച 1,60,000/- രൂപയിൽ 14 പേർക്ക് 8000/- രൂപ വീതവും(14x8000=112000), 8 പേർക്ക് 6000/- രൂപ വീതവുമാണ്(6x8000=48000/-) ധനസഹായം നൽകിയിട്ടുള്ളത്.

ജി.ഒ.(എം.എസ്സ്.)22/18/ത.സ്വ.ഭ.വ തിയ്യതി 14.2.18 ഖ.6.6.4 പ്രകാരം, മേൽ പദ്ധതിയ്ക്കായി അനുവദിക്കാവുന്ന പരമാവധി സബ്സിഡി നിരക്ക് 6000/- രൂപയാണ്. ഇത് പ്രകാരം 6000/- രൂപ അനുവദിക്കുന്നതിന് പകരം ചുവടെ ചേർക്കുന്ന 14 ഗുണഭോക്താക്കൾക്ക് 8000/- രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേരു വിവരം | വാർഡ് നമ്പർ |
|---|---|---|
| 1 | ശ്രീമതി.ഖദീജ, കുയ്യടിമീത്തൽ | 3 |
| 2 | ശ്രീമതി. ആമിന, കുരിക്കത്തുംപറമ്പത്ത് | 15 |
| 3 | ശ്രീ. ഭാസ്കരൻ ടി. പി, ഇയ്യാനിക്കോത്ത് | 13 |
| 4 | ശ്രീ. രാജേന്ദ്രൻ. വി, വെള്ളാട്ടുമ്മൽ | 5 |
| 5 | ശ്രീ. ഭാസ്കരൻ നായർ, കാവാട്ടു പറമ്പത്ത് | 8 |
| 6 | ശ്രീ. അശോകൻ. കെ. കെ, കരുമ്പാരുകണ്ടിയിൽ | 9 |
| 7 | ശ്രീമതി. ഗീത. കെ, കൽക്കുട്ടമ്പിൽ | 1 |
| 8 | ശ്രീ. മഹിതകുമാർ. ഒ.ടി<br>ഓങ്ങോറത്താഴത്ത് | 8 |
| 9 | ശ്രീ. അബൂബക്കർ. ഒ.എം, ഓങ്ങോറമ്മൽ | 8 |
| 10 | ശ്രീ. നഫീസ ബഷീർ, ഓങ്ങോറക്കുഴിയിൽ | 8 |
| 11 | ശ്രീ. മൊയ്തീൻ, നീലഞ്ചേരി | 10 |
| 12 | ശ്രീമതി. കവിത. കെ.എസ് | 9 |
| 13 | ശ്രീമതി. നഫീസ, അരിയടുക്കത്ത് പുറായിൽ | 7 |
| 14 | ശ്രീമതി. പാത്തുമ്മ, കയിച്ചിക്കണ്ടി | 17 |

ഇത് പ്രകാരം 14 പേർക്ക് 2000/- രൂപ നിരക്കിൽ 28,000/- രൂപ അധികം നൽകിയിട്ടുണ്ട്. കൂടാതെ, മേൽ ഉത്തരവ് പ്രകാരം പ്രവൃത്തിയുടെ വാലുവേഷൻ എഞ്ചിനീയർ എടുക്കേണ്ടതാണ്. ഫയൽ പരിശോധിച്ചതിൽ നിന്നും ഇത്തരത്തിൽ വാലുവേഷൻ എടുത്തതായി കണ്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(2/2019-20 തീ. 24.02.2021) വി.ഇ.ഒ 27.02.2021 തീയതിയിൽ ലഭ്യമാക്കിയ മറുപടിയിൽ, കിണർ റീചാർജ്ജ് പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് 8000/- രൂപ എന്നത് തുറന്ന കുടിവെള്ളകിണർ ശുചിത്വ കിണർ ആക്കി മാറ്റൽ പദ്ധതിയ്ക്കും ബാധകമാണെന്ന് കരുതിയാണ് 8000/- രൂപ നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്.

ആയതിനാൽ അധികമായി നൽകിയ 28,000/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ

അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതായിരിക്കും.

## 1-26 ക്ഷീരഗ്രാമം -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണം: ഡയറിഫാം ഇൻസ്പെക്ടർ

പ്രോജക്ട് നമ്പർ : ക്ഷീരഗ്രാമം 169/20

അടങ്കൽ : 12,60,000/- (3,00,000/-വികസനഫണ്ട് ജനറൽ

9,60,000/-ഗുണ.വിഹിതം ബാങ്ക് ലോൺ ആയി

ചെലവ് : 3,00,000/- (2,75,000/-ബിൽ നം.1/19-20/16.05.19

25,000/-ബിൽ നം.2/19-20/16.05.19)

17,60,000/- രൂപ അടങ്കലോടെ 2018-19 വർഷത്തിൽ ആരംഭിച്ച മേൽ പ്രോജക്ടിൽ പ്രസ്തുത വർഷം 5,00,000/- രൂപയുടെ ചെലവു നടന്നു. ബാക്കി തുക അടങ്കലിലാണ് 2019-20 വർഷത്തേയ്ക്ക് സ്പിൽഓവർ പദ്ധതിയാക്കിയത്. 2018-19 ൽ 20 ഗുണഭോക്താക്കൾക്കും, 2019-20 ൽ 12 ഗുണഭോക്താക്കൾക്കും 25,000/- രൂപ വീതം കറവ പശുവിനെ വാങ്ങാനായി സബ്സിഡിയായി നൽകിയിട്ടുണ്ട്. എല്ലാ ഗുണഭോക്താക്കളും ഗുണഭോക്തൃ വിഹിതം കണ്ടെത്തിയിരിക്കുന്നത് ബാങ്ക് ലോൺ മുഖേനയായതിനാൽ ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിനാണ് തുക കൈമാറിയത്.പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു,

## 1-26-1 ഗുണഭോക്തൃ വിഹിതം -ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല

പദ്ധതിയിൽ വിഭാവനം ചെയ്ത മുഴുവൻ എണ്ണം ഗുണഭോക്താക്കൾക്കും സബ്സിഡി നൽകിയിട്ടുണ്ടെന്നിരിക്കെ പദ്ധതിയുടെ ചെലവ് 100% ആണ്. എന്നാൽ ഐ.കെ.എം. ചെലവ് പത്രികയിൽ ഗുണഭോക്തൃവിഹിതം 9,60,000/- രൂപയുടെ ചെലവ് ഉൾപ്പെട്ടിട്ടില്ല. യഥാസമയം ചെലവ് വിവരം ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

## 1-27 പൊതുമരാമത്ത് സ്വഭാവമുള്ള പ്രവൃത്തി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഹെഡ്മാസ്റ്റർ നടപ്പാക്കി

നിർവ്വഹണം: ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്.

പ്രോജക്ട് പേര്/നമ്പർ : ആരാമ്പ്രം ജി.എൽ.പി.എസ്.സ്കൂളിന് ലാബ് സൗകര്യം , 157/20

അടങ്കൽ : 2,62,025/- സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് : 2,62,025/- ബിൽ നം.1/19-20/8.5.19

ആരാമ്പ്രം ജി.എൽ.പി.എസ് സ്കൂളിലേയ്ക്ക് ലാബ് സൗകര്യം ഒരുക്കലാണ് പദ്ധതി. ലാബിലേയ്ക്ക് വേണ്ട വിവിധ ചെറുകിട ഉപകരണങ്ങൾ, കെമിക്കലുകൾ എന്നിവ വാങ്ങലും, ലാബിന്റെ തറ ടൈൽ പാകൽ, ഫെറോസ്ലാബ് ഉപയോഗിച്ച് ഷെൽഫുകളും, അവയ്ക്ക് വാതിലുകളും, സിങ്ക് വാങ്ങി ഉറപ്പിക്കൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്ന പ്രവൃത്തികളുമാണ് ഇതിൽ നടപ്പാക്കിയിട്ടുള്ളത്. ഇതിനായി ചെലവഴിച്ച ആകെ 2,62,025/- രൂപയിൽ 84,867/- രൂപ ലാബ് സാമഗ്രികൾക്കും, 1,77,160/- രൂപ അടിസ്ഥാന സൗകര്യ സംവിധാനത്തിനുമാണ് ചെലവഴിച്ചത്. പദ്ധതി നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു

## 1-27-1 ടെണ്ടർ നടപടിയിൽ അപാകത

സർക്കാർ ഉത്തരവ് (പി) നം.3/2013/SPD, Dated 21.06.2013 പ്രകാരമുള്ള കേരള സ്റ്റോർ പർച്ചേസ് മാന്വവൽ 2013 ലെ ഖണ്ഡിക 7.33 (ii) പ്രകാരം വാങ്ങുന്ന സാധനങ്ങൾ മേൽ ഉത്തരവിന്റെ അനക്സർ 4ൽ വിവരിക്കുന്ന രീതിയിൽ കൃത്യമായി പ്രത്യേകതരങ്ങളായി തിരിച്ച് (വിവിധ ട്രേഡ് ഗ്രൂപ്പുകളായി)ഓരോ തരത്തിനും പ്രത്യേകം ടെണ്ടർ നൽകണം. ഈ ഖണ്ഡികയുടെ ഉപഖണ്ഡിക (എ) പ്രകാരം ഒരു ടെണ്ടറിൽ വിവിധ തരത്തിലുള്ള ഒട്ടേറെ സാധനങ്ങൾ ഉൾപ്പെടരുതെന്നും, വാങ്ങൽ നടപടി വലുതാണെങ്കിൽ ടെണ്ടർ നോട്ടീസിൽ ഒരേ തരത്തിലുള്ളതോ, അല്ലെങ്കിൽ ഒരു ഗ്രൂപ്പിലുള്ള ഇനങ്ങൾ മാത്രം ഉൾപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. എന്നാൽ മേൽ പദ്ധതിയിൽ അനക്സർ 4ൽ വിവരിച്ചിട്ടുള്ള ഗ്രൂപ്പ് IV, VIII ഉൾപ്പെട്ട ഇനങ്ങളും, അവ ഉപയോഗിച്ചുള്ള മരാമത്ത് പണിയും ഒരുമിച്ച് ടെണ്ടർ നടത്തുകയാണുണ്ടായത്. ടെണ്ടറിൽ പങ്കെടുത്ത രണ്ടു സ്ഥാപനങ്ങളും ലാബ് ഉപകരണങ്ങളും കെമിക്കലുകളും വിതരണം നടത്തുന്നവരാണ്. മേൽ വിവരിച്ച മരാമത്ത് പ്രവൃത്തി നടത്താൻ ഇവർക്ക് ക്ഷമതയില്ല. കൂടാതെ ഇവർ ക്വാട്ട് ചെയ്ത നിരക്ക് ഏതു വിധേനയാണ് താരതമ്യപ്പെടുത്തിയതെന്നും, പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തിയുടെ മൂല്യം ഉറപ്പു വരുത്തിയതെങ്ങനെയെന്നും വ്യക്തമല്ല. പഞ്ചായത്തിലെ

സാങ്കേതിക വിഭാഗത്തിന്റെ പങ്കാളിത്തം ഒരു ഘട്ടത്തിലും ഉണ്ടാകാതെ മേൽ പ്രവൃത്തികൾ നടക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കാൻ ആവശ്യപ്പെട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെയുള്ള വാങ്ങലുകൾ വിശദീകരിക്കേണ്ടതാണ്.

## 1-27-2 പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ലഭ്യമല്ല

പൊതുമരാമത്ത് സ്വഭാവമുള്ള മേൽ ലാബിലെ പ്രവൃത്തി ഏതു വിധേന നടപ്പാക്കണമെന്നോ, ആയത് ടെണ്ടർ നടപടിയിലൂടെ വേണമെന്നോ എന്നതു സംബന്ധിച്ച യാതൊരു ചർച്ചകളും പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ നടന്നിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥൻ തനിക്ക് ക്ഷമതയില്ലാത്ത വിഷയത്തിൽ, സേവനം നടപ്പാക്കിയപ്പോൾ ആയതു തിരുത്താനുള്ള ഇടപെടലുകളും കമ്മിറ്റിയുടെ ഭാഗത്തു നിന്നുണ്ടായിട്ടില്ല. ഓരോ പദ്ധതി രൂപീകരണ വേളയിൽ തന്നെ ഇത്തരം സേവനങ്ങൾ/ വാങ്ങലുകൾ എപ്രകാരം നടപ്പാക്കണമെന്ന് സംബന്ധിച്ച പ്രൊക്യൂർമെന്റ് പ്ലാൻ ഇല്ലാത്തതാണ് ഇതിന് വഴി വച്ചത്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-28 വള്ളോപ്രച്ചാലിൽ അങ്കണ വാടി നിർമ്മാണം- സമഗ്രമായ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാത്തതിനാൽ പദ്ധതിലക്ഷ്യം കൈവരിച്ചിട്ടില്ല

2018-19 വർഷത്തിൽ 1300000 രൂപ വകയിരുത്തി ആരംഭിച്ചിട്ടുള്ള പദ്ധതിയാണിത് .(86/18-19). 2018-19- ൽ ബ്ലോക്ക് വിഹിതമായ 600000 രൂപ ചെലവഴിച്ചു. (എം ബുക്ക് 4/18-19) ചെക്ക് 2044342/30.03.2019. ഈ എസ്റ്റിമേറ്റ് സമഗ്രമായിരുന്നില്ല . കെട്ടിടത്തിന്റെ സ്ട്രക്ച്ചർ മാത്രം നിർമ്മിക്കുന്നതിനായിരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ഇതു തന്നെ കരിങ്കൽകെട്ട് എസ്റ്റിമേറ്റ് അളവിനേക്കാളും കൂടുതൽ വന്നതിനാൽ പഞ്ചായത്തിന്റെ 7.01.2019 ലെ 1/19 നമ്പർ തീരുമാനപ്രകാരം പ്രൊജക്ട് റിവൈസ് ചെയ്യേണ്ടി വന്നിട്ടുണ്ട് . കൃത്യമായി സ്ഥല പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാലാണ് ഇങ്ങനെ ചെയ്യേണ്ടി വന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 1076997 രൂപയാണ് ആകെ എസ്റ്റിമേറ്റ് തുക. 2019-20 വർഷത്തിൽ ഇതിനായി 227/19-20 പദ്ധതിയിൽ ധനകാര്യ കമ്മീഷൻഗ്രാന്റായി 700000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 279825 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (ബിൽ 31/20.12.19). ശ്രീ.അബ്ദുൾ നവാസ് ആയിരുന്നു കരാറുകാരൻ.

2019-20 വർഷത്തിൽ വള്ളോപ്രച്ചാലിൽ അങ്കണവാടിയ്ക്ക് ടോയ് ലെറ്റ്, പ്ലമ്പിങ്ങ് എന്നിവ നടത്തുന്നതിന് മറ്റൊരു പദ്ധതി രൂപീകരിച്ചിട്ടുണ്ടെങ്കിലും (284/19-20 ) പ്രവർത്തനം പൂർത്തിയാക്കിയിട്ടില്ല. (കരാറുകാരൻ - ശ്രീ. പ്രമോദ്. കെ. എം) 2020-21 വർഷത്തിലും ഈ പ്രവർത്തി പൂർത്തിയായിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ നടപടികൾ എന്നിവ ആവർത്തിച്ച ചെയ്യുന്ന സാഹചര്യം ഉണ്ടാകുന്നു എന്നു മാത്രമല്ല, പദ്ധതി ലക്ഷ്യത്തിനായുള്ള മുഴുവൻ ഘടകങ്ങളും പദ്ധതികളിൽ ഉൾപ്പെടുത്തുന്നുമില്ല.

കെട്ടിടത്തിൽ വൈദ്യുതി, കുടിവെള്ളം മറ്റ് സൌകര്യങ്ങൾ എന്നിവ ഒരുക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടില്ല.

വള്ളോപ്രച്ചാലിൽ അങ്കണ വാടി കെട്ടിടം പഞ്ചായത്തിന്റെ ആസ്തി റജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഭാഗിക നിർമ്മിതി മൂലം പ്രൊജക്ട് ലക്ഷ്യം കൈവരിക്കാനാവാതെ ഹ്രസ്വ കാലത്തേക്കോ, എന്നെന്നേക്കുമായോ ധനനഷ്ടത്തിന് കാരണമാകുമെന്ന ഗുരുതര വീഴ്ചയും ഇതു മൂലം സംജാതമാകാം. സാങ്കേതികാനുമതി നല്കുമ്പോൾ തന്നെ എസ്റ്റിമേറ്റുകളുടെ സമഗ്രത ഉറപ്പുവരുത്തുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 വാങ്ങിയ മേശയുടെ സ്പെസിഫിക്കേഷൻ ഉറപ്പാക്കാതെ സ്റ്റോക്കിലെടുത്തു

നിർവ്വഹണം: ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പ്രോജക്ട് പേര്/നമ്പർ : ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ, നം. 163/20

അടങ്കൽ : 15,000 വികസനഫണ്ട് ജനറൽ

ചെലവ് : 15,000/- ബിൽ നം.2/19-20/30.4.19

2018-19 ൽ നിന്ന് സ്പിൽ ഓവർ ആയി നടപ്പാക്കിയ മേൽ പദ്ധതിയിൽ ജാഗ്രതാസമിതി ഓഫീസിലേയ്ക്ക് ഒരു അലമാരയും, മേശയും ഫിഡ്കോയിൽ നിന്നും വാങ്ങി. ഫിഡ്കോയുടെ 30.3.2019 ലെ ഇൻവോയ്സ് നമ്പർ 724 പ്രകാരം ഒരു വശത്ത് 54x 30 X30 അളവിലുള്ള മൂന്ന് ഡ്രോവറുകളും, മറുവശത്ത് ഒരു കബോർഡുമുള്ള മേശയാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ സ്റ്റോക്കിലെടുത്തത് പഞ്ചായത്തിലെ ഐ.സി.ഡി.എസ്. ഓഫീസിൽ ഉപയോഗിച്ചു വരുന്ന മേശ ഒരു ഡ്രോയും, കബോർഡും ഒരു വശത്ത് മാത്രം ഉള്ളതാണ്. സ്ഥാപനത്തിന് നല്കിയ സപ്ലേ ഓർഡർ ഫയലിലില്ലാത്തതിനാൽ ഏതു സ്പെസിഫിക്കേഷനിലുള്ള മേശയാണ് ആവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമല്ല. ഇൻവോയ്സിൽ നിന്നും വ്യത്യസ്തമായ മേശ സ്വീകരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഇൻവോയ്സ് പ്രകാരമുള്ള മേശ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ ലഭിച്ച സാധനം സ്റ്റോക്കിലെടുക്കുമ്പോഴോ, ആയതിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനോ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടില്ല. ഇൻവോയ്സ് പ്രകാരമുള്ള സാധനം ലഭ്യമാക്കുന്നതു വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

**1-30 അംഗൻവാടി ജീവനക്കർക്ക് ഓണറേറിയം - തുക കണക്കാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല**

നിർവ്വഹണം: ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പ്രോജക്ട് നമ്പർ : 163/20

അടങ്കൽ : 7,88,400/- വികസനഫണ്ട് ജനറൽ

ചെലവ് : 7,88,400/- ബിൽ നം.7/19-20/20.10.19

മേൽ ബിൽ പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ അംഗൻവാടികളിലെ ജീവനക്കർക്ക് ഓണറേറിയം നൽകുന്നതിനുള്ള തുക ബന്ധപ്പെട്ട വകുപ്പിന് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക കണക്കാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. എത്ര ജീവനക്കാർക്ക് എത്ര മാസങ്ങളിലെ തുകയാണിത് എന്നതിന്റെ കണക്കും, ബന്ധപ്പെട്ട വകുപ്പിൽ നിന്നും തുക ആവശ്യപ്പെട്ടതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭിച്ചില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

**1-31 ഇ- ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ ഫോറം വില ,ഇ.എം.ഡി എന്നിവ ഗ്രാമപഞ്ചായത്തിന് ലഭിയ്ക്കുന്നില്ല.**

കരാറുകാർ ഇ.ടെണ്ടർ മുഖേന പൊതു മരാമത്ത് പ്രവർത്തികൾ നടപ്പിലാക്കുമ്പോൾ ഓൺലൈൻ ആയി അടവാക്കിയിട്ടുള്ള ടെണ്ടർ ഫോറം വില ,ഇ.എം.ഡി എന്നിവ ഗ്രാമ പഞ്ചായത്തിന് ലഭിയ്ക്കുന്നില്ല. ഗ്രാമപഞ്ചായത്തുകളിൽ 5 ലക്ഷത്തിന് മേൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾ ഈ-ടെണ്ടർ ചെയ്യുന്നിതിന്റെ ഭാഗമായി, ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ സ്വീകരിക്കുന്നതിനായി സ.ഉ(എം.എസ്)318/013 ത.സ്വ.ഭ.വ തീയതി 28.09.2013 ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ തുടങ്ങിയിട്ടുള്ള ബേങ്ക് അക്കൗണ്ടിൽ ആണ് വർഷങ്ങളായി തുക നിക്ഷേപിക്കുന്നത് . പഞ്ചായത്തിൽ തന്‍ വർഷം താഴെ കൊടുത്ത മരാമത്ത് 5 മരാമത്ത് പ്രവൃത്തികൾ ഇ-ടെൻഡർ ചെയ്തപ്പോൾ ടെണ്ടർ ഫോറം വില,ഇ.എം.ഡി എന്നീയിനത്തിൽ ഈ അക്കൗണ്ടിലേയ്ക്ക് വരവ് വന്നിട്ടുണ്ട്.

| പദ്ധതി | അടങ്കൽ തുക |
|---|---|
| 139/19-20<br>ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം | 800000 |
| 153/19-20<br>കുഴിപ്രമ്മൽ കോളനി സമഗ്രവികസനം | 1000000 |
| 227/19-20<br>വള്ളോപ്രച്ചാലിൽഅങ്കണവാടി കെട്ടിട നിർമ്മാണം | 700000 |
| 242/19-20<br>പി.എച്ച്.സി കമ്മ്യൂണിറ്റ് ടോയ്ലറ്റ് നിർമ്മാണം | 500000 |
| 141/19-20<br>ആർദ്രം പദ്ധതി | 552597 |
| 39/19-20<br>മൊടയാനിച്ചാലിൽ കിഴക്കയിൽ റോഡ് | 590000 |

മുൻ കാലങ്ങളിലും ഇതുവരെയും ഈ ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബേങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക ഗ്രാമപഞ്ചായത്തിലേക്ക് തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച് നടപടികൾ അറിയിക്കേണ്ടതാണ്.

**1-32 എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ പൂർണ്ണ മായി തയ്യാറാക്കുന്നില്ല.**

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ പൂർണമായി പൊതുമരാമത്ത് മാന്വലിൽ നിഷ്ക്കർഷിക്കുന്ന

രീതിയിൽ തയ്യാറാക്കുന്നില്ല. മിക്ക പ്രവർത്തി ഫയലുകളിലും എസ്റ്റിമേറ്റ് റിപ്പോർട്ട് പകർപ്പെടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് കാരണം പ്രവർത്തിയുടെ നടത്തിപ്പിന്റെ വിശദമായ അവസ്ഥമനസ്സിലാക്കാൻ സാധിച്ചിട്ടില്ല. പ്രത്യേകം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുള്ള എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണമായാണ് തയ്യാറാക്കിയിട്ടുള്ളത്. നടത്തിയ പ്രവർത്തിയുടെ വ്യക്തത എസ്റ്റിമേറ്റ് റിപ്പോർട്ടിൽനിന്ന് ലഭിക്കുന്നില്ല. ഇത്തരത്തിൽ വ്യക്തമല്ലാത്ത എസ്റ്റിമേറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാകുന്നതെങ്ങിനെയെന്ന് വ്യക്തമല്ല. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും എന്തെല്ലാം വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കണമെന്നും 2012 ലെ പുതുക്കിയ PWD മാന്വലിൽ വിശദമാക്കിയിട്ടുണ്ട്. പ്രവർത്തികളുടെ കാര്യത്തിൽ മാന്വലിലെ പല നിർദ്ദേശങ്ങളും പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. പുതിയ റോഡുകളുടെകാര്യത്തിലും ,കെട്ടിടങ്ങളുടെ കാര്യത്തിലും നിലവിലെ അവസ്ഥ,ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും ,പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ, പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ, പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ് മുതലായ വിവരങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല.

പ്രൊജക്ടുകൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമാക്കുക, പ്രൊജക്ട് പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ഉപയോഗം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാകുക തുടങ്ങിയ ആസൂത്രണ ലക്ഷ്യങ്ങൾ ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഇത് മൂലം കഴിയുന്നില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-33 സ്നേഹ സ്പർശം- വിനിയോഗ വിവരം ലഭ്യമാക്കിയില്ല

| | | |
|---|---|---|
| പ്രൊജക്ട് നം. | 69/20 | |
| പ്രൊജക്ടിന്റെ പേര് | സ്നേഹസ്പർശം - ജില്ലാ പഞ്ചായത്ത് വിഹിതം നല്കൽ | |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | |
| വകയിരുത്തിയ തുക | 3,00,000 | തനത് ഫണ്ട് |
| ചെലവ് | 3,00,000 | |

വൃക്ക സംബന്ധമായ രോഗങ്ങളുള്ളവരുടെ പുനരധിവാസത്തിനായുള്ള കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ സംയോജിത പദ്ധതിയാണ് സ്നേഹസ്പർശം. ഇതിനായി ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറുന്നതിനാണ് മേൽ പദ്ധതി പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. 05.06.2020ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കൈമാറിയ 3,00,000/- രൂപയുടെ ചെക്ക് 08.09.2020 തീയതിയിലാണ് ജില്ലാ പഞ്ചായത്തിന് കൈമാറിയിരിക്കുന്നത്. തുക കൈമാറുന്നതിന് കാലതാമസം വന്നതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതും, തുകയുടെ വിനിയോഗ വിവരം ഹാജരാക്കേണ്ടതുമാണ്.

## 1-34 പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തികൾ - പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമല്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം താഴെപ്പറയുന്ന കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തികൾക്കായി കേരളാ വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

1. പറയരുകോട്ട പൈപ്പ് ലൈൻ നീട്ടൽ

പ്രോജക്ട് നമ്പർ - എസ് 0240/20

അടങ്കൽ - 1,00,000/- രൂപ - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 1,00,000/- രൂപ ( ബിൽ നമ്പർ 5/19-20 തീയതി 10.2.2020 )

കരാർ ഉടമ്പടി നമ്പർ - 28/19-20 തീയതി 6.7.2020

2. കൊട്ടക്കാവയൽ പൈപ്പ് ലൈൻ നീട്ടൽ

പ്രോജക്ട് നമ്പർ - എസ് 0241/20

അടങ്കൽ - 1,00,000/- രൂപ - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 1,00,000/- രൂപ ( ബിൽ നമ്പർ 9/19-20 തീയതി 10.2.2020 )

കരാർ ഉടമ്പടി നമ്പർ - 27/19-20 തീയതി 6.7.2020

കേരളാ വാട്ടർ അതോറിറ്റിയുമായി ഗ്രാമപഞ്ചായത്ത് വെച്ച കരാർ പ്രകാരം മേൽ രണ്ടു പ്രവൃത്തികളും 2020 ജൂലൈ 6 ന് ആരംഭിച്ച് 2020 നവംബർ 30 ന് പൂർത്തിയാക്കേണ്ടതും പണി പൂർത്തിയാക്കി രണ്ടാഴ്ചക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോർമൻസ് റിപ്പോർട്ടും പൂർത്തീകരണ സർട്ടിഫിക്കറ്റും കേരളാ വാട്ടർ അതോറിറ്റി ഗ്രാമ പഞ്ചായത്തിന് നൽകേണ്ടതുമാണ്.

കരാർ പ്രകാരം ലഭ്യമാവേണ്ട മേൽ പ്രവൃത്തികളുടെ പൂർത്തീകരണ / വിനിയോഗ വിവരം ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. ആയവ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 തുറന്ന കുടിവെള്ള കിണർ ശുചിത്വമുള്ള കുടിവെള്ള കിണറായി മാറ്റൽ - സബ്സിഡി ഇനത്തിൽ അധിക തുക കൈമാറി

| | | |
|---|---|---|
| പ്രൊജക്റ്റ് നം | 161/20 | |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
| അടങ്കൽ | 2,44,000 (വികസനഫണ്ട് (ജനറൽ)) | |
| ചെലവ് | 96,000/- | 3/19-20 തീ. 06.05.2019 |
| | 16,000/- | 11/19-20 തീ. 30.09.2019 |
| | 18,000/- | 18/19-20 തീ. 28.11.2019 |
| | 24,000/- | 23/19-20 തീ. 26.11.2019 |
| | 6,000/- | 36/19-20 തീ. 13.02.2020 |
| | 1,60,000/- | |

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രൊജക്ടു പ്രകാരം(സ്പിൽ ഓവർ) 2019-20 വർഷത്തിൽ കുടിവെള്ള കിണർ ശുചിത്വ കിണറാക്കി മാറ്റുന്നതിന് 22 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. തൻവർഷം ചെലവഴിച്ച 1,60,000/- രൂപയിൽ 14 പേർക്ക് 8000/- രൂപ വീതവും(14x8000=112000), 8 പേർക്ക് 6000/- രൂപ വീതവുമാണ്(6x8000=48000/-) ധനസഹായം നൽകിയിട്ടുള്ളത്.

ജി.ഒ.(എം.എസ്സ്.)22/18/ത.സ്വ.ഭ.വ തിയ്യതി 14.2.18 ഖ.6.6.4 പ്രകാരം, മേൽ പദ്ധതിയ്ക്കായി അനുവദിക്കാവുന്ന പരമാവധി സബ്സിഡി നിരക്ക് 6000/- രൂപയാണ്. ഇത് പ്രകാരം 6000/- രൂപ അനുവദിക്കുന്നതിന് പകരം ചുവടെ ചേർക്കുന്ന 14 ഗുണഭോക്താക്കൾക്ക് 8000/- രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേരു വിവരം | വാർഡ് നമ്പർ |
|---|---|---|
| 1 | ശ്രീമതി.ഖദീജ, കയ്യടിമീത്തൽ | 3 |
| 2 | ശ്രീമതി. ആമിന, കുരിക്കത്തുംപറമ്പത്ത് | 15 |
| 3 | ശ്രീ. ഭാസ്കരൻ ടി. പി, ഇയ്യാനിക്കോത്ത് | 13 |
| 4 | ശ്രീ. രാജേന്ദ്രൻ. വി, വെള്ളാട്ടുമ്മൽ | 5 |
| 5 | ശ്രീ. ഭാസ്കരൻ നായർ, കാവാട്ടു പറമ്പത്ത് | 8 |
| 6 | ശ്രീ. അശോകൻ. കെ. കെ, കരുമ്പാരുകണ്ടിയിൽ | 9 |
| 7 | ശ്രീമതി. ഗീത. കെ, കൽക്കുടുമ്പിൽ | 1 |
| 8 | ശ്രീ. മഹിതകുമാർ. ഒ.ടി | 8 |

| | | |
|---|---|---|
| | ഓങ്ങോറത്താഴത്ത് | |
| 9 | ശ്രീ. അബൂബക്കർ. ഒ.എം, ഓങ്ങോറമ്മൽ | 8 |
| 10 | ശ്രീ. നഫീസ ബഷീർ, ഓങ്ങോറക്കുഴിയിൽ | 8 |
| 11 | ശ്രീ. മൊയ്തീൻ, നീലഞ്ചേരി | 10 |
| 12 | ശ്രീമതി. കവിത. കെ.എസ് | 9 |
| 13 | ശ്രീമതി. നഫീസ, അരിയടുക്കത്ത് പുറായിൽ | 7 |
| 14 | ശ്രീമതി. പാത്തുമ്മ, കയിച്ചിക്കണ്ടി | 17 |

ഇത് പ്രകാരം 14 പേർക്ക് 2000/- രൂപ നിരക്കിൽ 28,000/- രൂപ അധികം നൽകിയിട്ടുണ്ട്. കൂടാതെ, മേൽ ഉത്തരവ് പ്രകാരം പ്രവൃത്തിയുടെ വാലേഷൻ എഞ്ചിനീയർ എടുക്കേണ്ടതാണ്. ഫയൽ പരിശോധിച്ചതിൽ നിന്നും ഇത്തരത്തിൽ വാലേഷൻ എടുത്തതായി കണ്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(2/2019-20 തീ. 24.02.2021) വി.ഇ.ഒ 27.02.2021 തീയതിയിൽ ലഭ്യമാക്കിയ മറുപടിയിൽ, കിണർ റീചാർജ്ജ് പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് 8000/- രൂപ എന്നത് തുറന്ന കുടിവെള്ളകിണർ ശുചിത്വ കിണർ ആക്കി മാറ്റൽ പദ്ധതിയ്ക്കും ബാധകമാണെന്ന് കരുതിയാണ് 8000/- രൂപ നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്.

ആയതിനാൽ അധികമായി നൽകിയ 28,000/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതായിരിക്കും.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 22.02.2021,23.02.2021 | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 240000 | ലൈഫ് ഭവന പദ്ധതി | - | 240000 |
| | | 336955 | സ്കോളർഷിപ്പ് | 336955 | - |
| | | 150000 | പോഷകാഹാര പദ്ധതി | 150000 | - |
| | | 200000 | പാലിന് ഇൻസന്റീവ് | 200000 | - |
| ജില്ലാ പഞ്ചായത്ത് | | 100000 | | 100000 | - |
| | | 336955 | സ്കോളർഷിപ്പ് | 336955 | - |
| | | 130000 | പോത്ത് കുട്ടി വിതരണം | 130000 | - |

ഖണ്ഡിക (11.)കാണുക

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പറയരുകോട്ട പൈപ്പ് ലൈൻ | | 100000 | - | 100000 |
| | കോട്ടക്കവയൽ പൈപ്പ് ലൈൻ | | 100000 | - | 100000 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നല്കിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | സാമ്പത്തിക വർഷം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 2010-11 | - | 357500 | 357500 | | - |
| ലൈഫ് ഭവന പദ്ധതി | 2018-19 | 346523 | 1320000 | 250000 | | 1070000 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | 26 | 2003-04 | 11(12) | വേതനവും പെൻഷനുകളും അനുവദിച്ചതിലെ അപാകതകൾ |
| 2000-01 | 27 | 2003-04 | പൊതു പരാമർശം 11.13.3.2 | നേത്യച്ചാലിൽ ജലസേചന പദ്ധതി (വ്യക്തികൾ വിട്ടുകൊടുക്കാത്ത ഭൂമിയിൽ നടപടികൾ പൂർത്തിയാക്കാതെ നിർമ്മാണം) |
| 2002-03 | | 2004-05 | പൊതു പരാമർശം 11.1.3.44 | നികുതി പിരിവിലെ അപാകതകൾ |
| 2002-03 | 6 | 2004-05 | 11.1.2.1 | ടെണ്ടർ വേലകളുടെ ഗുണമേന്മ – ഗുണഭോക്തൃ സമിതി രൂപീകരിച്ച് ഉറപ്പ് വരുത്തുന്നില്ല. |
| 2003-04 | 3-3 | 2005-06 | പൊതു പരാമർശം 2.70.1.1.13 | റോഡ് നിർമ്മാണ പ്രവൃത്തികൾ |
| 2003-04 | 3-11 | 2005-06 | പൊതു പരാമർശം 2.701.1.4.5 | ഭവനനിർമ്മാണം-ധനസഹായം കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കിയില്ല |
| 2003-04 | 3-1 | 2005-06 | പൊതു പരാമർശം 2.70.1.10.6 | വെള്ളക്കരം - വസ്തു കൈമാറ്റ തീരുവ- ലക്ഷങ്ങൾ ജല അതോറിറ്റിക്ക് |
| 2007-08 | 3-1 | 2010-11 | 5.8.3.2 | ത.സ്വ.ഭ.വ. സ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനം |
| - | - | 2011-12 | 3.1.12 | മേപ്പളത്താഴം ജലസേചനപദ്ധതി |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-1,2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ |

## 4-9 സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | |
|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക |
| 1 | 2 | 3 | 4 | 5 | 6 |
| 1 | 1996-97 | 31 | കെ.ഗോപാലൻ, സെക്രട്ടറി | LF3442/ Spl.Cell/ SC4/ 2000 Dt.12.11.01 | 2385 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 1,00,17,894 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,72,93,047 |
| ആകെ | 5,73,10,941 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,88,84,230 |
| നീക്കിയിരിപ്പ് | 84,26,711 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,03,400 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-25 | | 28,000 | ശ്രീമതി. ശ്രീലത. എൻ. എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | | 28,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 15,000 | ശ്രീമതി. ഷീജ. വി. ടി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-30 | 7,88,400 | |

| | |
|---|---|
| ആകെ | 8,03,400 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ശ്രീലത. എൻ. എസ്,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>ചാത്തമംഗലം ഗ്രാമ പഞ്ചായത്ത് | ഇരുന്നമണ്ണ<br>വാഴയൂർ പി. ഒ<br>673633<br>മലപ്പുറം |
| ശ്രീമതി. ഷീജ. വി. ടി,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സി.ഡി.പി.ഒ<br>കോഴിക്കോട് കോർപ്പറേഷൻ | കേദാരം<br>കിഴക്കെക്കര<br>നരിക്കുനി പി. ഒ. 673585 |

## 4-11 തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | നം.എൽ.എഫ്.കെ കെ ഡി പി1/705/2013-19/06/2013 | 2 | 34, 37 |
| 2000-01 | നം.എൽ. എഫ്.കെ. കെ.ഡി.പി1/705/13/ 19.6.13 | 1 | 27 |
| 2001-02 | നം.എൽ. എഫ്.കെ. കെ.ഡി.പി1/20(47)/09/ 18.01.11 | 3 | 18, 19, 20 |
| 2003-04 | നം.എൽ. എഫ്. കെ.കെ.ഡി. പി1/705/13(1)/ 19.6.13 | 4 | 3-1, 3-3, 3-4(2), 3-11 |
| 2007-08 | നം.എൽ.എഫ്.കെ.കെ.ഡി. പി1/ 1982/12(7)/ 5.9.12 | 20 | 2-6, 2-8, 2-13, 3-1, 3-2, 3-3, 3-4, 3-6, 3-7(1), (2), 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 4-2 |

| | | | | | |
|---|---|---|---|---|---|
| | 2008-09 | നം.എൽ.എഫ്. കെ.കെ.ഡി. പി1 /1982/12(8)/ 27.8.12 | 15 | 2-4, 2-5, 3-3, 3-5, 3-6, 3-8, 3-10, 3-11, 3-12, 3-14, 3-17, 3-18, 3-19 3-20, 4-2 | |
| | 2009-10 | നം.എൽ.എഫ്. കെ.കെ.ഡി. പി1 /1982/12(9)/ 27.8.12 | 5 | 2-2, 2-4(1), (2), (3), (4), 3-1, 3-6, 4-3, | |
| | 2010-11 | നം.എൽ. എഫ്.കെ. കെ.ഡി. പി1 /84/12/29.1.13 | 24 | 2-1, 2-2, 2-3, 2-4, 2-6, 2-7(എ,ബി) 2-8, 2-9 2-10, 3-1(1,2,3) 3-2, 3-3, 3-4, 3-5, 3-7, 3-8, 3-93-10, 3-11, 3-12, 3-13, 3-143-15, 3-16 | |
| | 2011-12,12-13 | നം.എൽ.എഫ്.കെ.കെ.ഡി. പി1 /279/15/ 11.03.15 | 13 | 3-1, 3-3, 3-5, 3-6, 3-7, 3-9, 3-11, 3-12, 3-13, 3-14, 3-15(1) (2) (4) | |
| | 2013-14,2014-15 | നം.കെ.എസ്.എ.കെ.കെ.ഡി. പി.1/2227/2016 തീ.27.04.17 നം.എൽ. എഫ്.കെ. കെ.ഡി.പി1/332/19 02.05.19 | 27 | 2-1, 2-2, 3-1, 3-2, 3-3 3-4, 3-5, 3-6, 3-7 , 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, | |

| | | | | |
|---|---|---|---|---|
| | | | | 3-15, 3-16 3-17, 3-18, 3-20 (1,2,3,4), 3-21(1), 3-22, 3-24, 3-25, 3-27,3-28 |
| 2015-16 | കെ.എസ്. എ. കെ. കെ.ഡി/ പി.1 /547/2017തീ. 04.05.2017 | 24 | 1-3(1,2,3,4), 2-1,2-2, 2-3(1),2-3(2), 2-4, 3-1(1), 3-1(2), 3-2, 3-3,3-4, 3-5, 3-6,3-7,3-8(1), 3-8(2),3-9, 3-10, 3-11, 3-12,3-13,3-14, 3-15, 3-16, |
| 2016-17 | കെ.എസ്. എ. കെ. കെ.ഡി/ പി.1 /2472/2017 തീ. 03.01.18 | 15 | 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-17, 3-18, |
| 2017-18 | കെ.എസ്. എ. കെ. കെ.ഡി/ പി.1 /25/2019 തീ. 25.05.19 | 18 | 1.12,2-1(1,2), 2-2, 2-32-4, 3-1, 3-2,3-3, 3-4, 3-53-6, 3-7, 3-8,3-9, 3-13-11, 3-12, 3-13, |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി. പി2/929/20 തീ. 27.01.2021 | 19 | 1-13, 1-14, 1-15, 1-16, 1-18, 1-19, 1-20, 1-21, |

| | | | | |
|---|---|---|---|---|
| | | | | 1-22, 1-24, 1-28, 1-33, 1-34, 1-37, 1-39, 3-1, 3-2, 4-10, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്